# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്
# പൗരാവകാശരേഖ
## 2025

**(1994 കേരള പഞ്ചായത്തീരാജ് ആക്ട് 272 എ, 254 എന്നീ വകുപ്പ്
അനുസരിച്ച് പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നു.)**

## എഡിറ്റോറിയൽ ബോർഡ്

**ശ്രീമതി. ആൻസി വില്യംസ്**
(പ്രസിഡണ്ട്, ബ്ലോക്ക് പഞ്ചായത്ത്)

**ശ്രീ. പ്രമോദ് കെ ജി**
(വൈസ് പ്രസിഡണ്ട്, ബ്ലോക്ക് പഞ്ചായത്ത്)

**ശ്രീമതി. ലളിത ഗോപി**
(ചെയർപേഴ്സൺ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി)

**ശ്രീമതി. ശാരി ശിവൻ**
(ചെയർപേഴ്സൺ, ആരോഗ്യം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി)

**ശ്രീ. എൻ.കെ. ഹരിദാസൻ**
(ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി)

**ശ്രീ. അഭിലാഷ് എം.ആർ.**
(സെക്രട്ടറി & ബിഡിഒ ബ്ലോക്ക് പഞ്ചായത്ത്)

**ശ്രീമതി അജിത വി.ബി.**
(എക്സ്റ്റൻഷൻ ഓഫീസർ പി & എം)

**ശ്രീ. ജുജു ജോർജ്ജ് ഇ.**
(ജോ.ബി.ഡി.ഒ)

**ശ്രീ. എം.ആർ. രാജേഷ്**
(ഇ.ഒ (ഡബ്ലിയു ഡബ്ലിയു)

**ശ്രീമതി. രഞ്ജിനി .എൻ**
(ജി.ഇ.ഒ)

**ശ്രീ. നാസു എ.എം.**
ഇ.ഒ.(എച്ച്.)

**ശ്രീമതി. പുഷ്പ വാസുദേവൻ**
(ഹെഡ് ക്ലർക്ക്)

# ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി



**ആൻസി വില്യംസ്**
പ്രസിഡന്റ്



**കെ ജി പ്രമോദ്**
വൈസ് പ്രസിഡന്റ്



**ലളിത ഗോപി**
ചെയർപേഴ്സൺ, വികസന കാര്യ സ്റ്റാന്റിംഗ്കമ്മറ്റി



**എൻ.കെ. ഹരിദാസൻ**
ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മറ്റി



**ശാരി ശിവൻ**
ചെയർപേഴ്സൺ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മറ്റി



**സപ്ന റഷീദ്**
മെമ്പർ



**കെ കെ മണി**
മെമ്പർ



**രജിത ഷിബു**
മെമ്പർ



**ശാരിക വി**
മെമ്പർ



**സിന്ധു ബാലൻ**
മെമ്പർ



**വിശ്വംഭരൻ സി കെ**
മെമ്പർ



**ടി എസ് മണികണ്ഠൻ**
മെമ്പർ



**അഷ്റഫ് ടി കെ**
മെമ്പർ



**ടി.എ. മുഹമ്മദ് ഷാഫി**
മെമ്പർ



**അഭിലാഷ് എം.ആർ.** സെക്രട്ടറി & ബി.ഡി.ഒ



**കെ. രാധാകൃഷ്ണൻ**
എം.പി. - ആലത്തൂർ



**സുരേഷ് ഗോപി**
എം.പി. - തൃശൂർ



**എ.സി.മൊയ്തീൻ**
എം.എൽ.എ – കുന്നംകുളം



**മുരളി പെരുനെല്ലി**
എം.എൽ.എ - മണലൂർ



**പത്മം വേണുഗോപാൽ**
ജില്ലാ പഞ്ചായത്ത് മെമ്പർ
കാട്ടകാമ്പാൽ ഡിവിഷൻ



**ജലീൽ ആദൂർ**
ജില്ലാ പഞ്ചായത്ത് മെമ്പർ
എരുമപ്പെട്ടി ഡിവിഷൻ



**എ വി വല്ലഭൻ**
ജില്ലാ പഞ്ചായത്ത് മെമ്പർ
ചൂണ്ടൽ ഡിവിഷൻ

# ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ



**പി ഐ രാജേന്ദ്രൻ**
കടവല്ലൂർ
ഗ്രാമപഞ്ചായത്ത്



**ചിത്ര വിനോബാജി**
ചൊവ്വന്നൂർ
ഗ്രാമപഞ്ചായത്ത്



**അഡ്വ. കെ. രാമകൃഷ്ണൻ**
പോർക്കുളം
ഗ്രാമപഞ്ചായത്ത്



**രേഷ്മ ഇ.എസ്.**
കാട്ടകാമ്പാൽ
ഗ്രാമപഞ്ചായത്ത്



**രേഖ സുനിൽ**
ചൂണ്ടൽ
ഗ്രാമപഞ്ചായത്ത്



**മിനി ജയൻ**
കണ്ടാണശ്ശേരി
ഗ്രാമപഞ്ചായത്ത്



**മീന സാജൻ**
കടങ്ങോട്
ഗ്രാമപഞ്ചായത്ത്



**ഷോബി ടി.ആർ.**
വേലൂർ
ഗ്രാമപഞ്ചായത്ത്

## ഉള്ളടക്കം

1. ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാന വിവരങ്ങൾ
2. പ്രാദേശിക ഭൂപടം
3. ബ്ലോക്ക് പഞ്ചായത്ത് – നിയോജക മണ്ഡലങ്ങൾ – ജനപ്രതിനിധികൾ
4. പൗരാവകാശരേഖ – വിവരണം
5. ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ – വികസന പ്രവർത്തനങ്ങൾ
   ജനകീയ ആസൂത്രണം – പദ്ധതി പ്രവർത്തനങ്ങൾ, വർക്കിംഗ് ഗ്രൂപ്പുകൾ,
   നിർവ്വഹണ ഉദ്യോഗസ്ഥർ.
   കേന്ദ്രാവിഷ്കൃത പദ്ധതികൾ
   വിവരാവകാശ നിയമം
6. ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങൾ
   ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്, ചൊവ്വന്നൂർ
   അസി. എക്സി. എഞ്ചിനീയർ LSGD ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്
   അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ചൊവ്വന്നൂർ
   ഐ.സി.ഡി.എസ്. ഓഫീസ്, ചൊവ്വന്നൂർ
   സി.എച്ച്.സി. ചൊവ്വന്നൂർ
   ക്ഷീര വികസന ഓഫീസ്, ചൊവ്വന്നൂർ
   വ്യവസായ വികസന ഓഫീസ്, ചൊവ്വന്നൂർ
   പട്ടികജാതി വികസന ഓഫീസ്, ചൊവ്വന്നൂർ
7. സേവനാവകാശം
8. ഉപസംഹാരം

## ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനവിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിസ്തീർണം | : | 170.20 സ്ക്വയർ കിലോമീറ്റർ |
| 2. | താലൂക്ക് | : | കുന്നംകുളം |
| 3. | ജില്ല | : | തൃശ്ശൂർ |
| 4. | **അതിരുകൾ** | : | |
| | വടക്ക് | : | പെരുമ്പടപ്പ്, തൃത്താല ബ്ലോക്കുകൾ |
| | കിഴക്ക് | : | വടക്കാഞ്ചേരി, പുഴക്കൽ ബ്ലോക്കുകൾ |
| | തെക്ക് | : | പുഴക്കൽ, മുല്ലശ്ശേരി ബ്ലോക്കുകളും ഗുരുവായൂർ മുനിസിപ്പാലിറ്റിയും |
| | പടിഞ്ഞാറ് | : | കുന്നംകുളം, ഗുരുവായൂർ നഗരസഭകളും, ചാവക്കാട് പെരുമ്പടപ്പ് ബ്ലോക്കുകളും |
| 5. | **ജനസംഖ്യ** (2011 സെൻസസ് പ്രകാരം) | | |
| | പുരുഷന്മാർ | : | 100116 |
| | സ്ത്രീകൾ | : | 112375 |
| | ആകെ | : | 212491 |
| | **പട്ടികജാതി** | | |
| | പുരുഷന്മാർ | : | 12757 |
| | സ്ത്രീകൾ | : | 13588 |
| | ആകെ | : | 26345 |
| | **പട്ടികവർഗ്ഗം** | | |
| | പുരുഷന്മാർ | : | 115 |
| | സ്ത്രീകൾ | : | 140 |
| | ആകെ | : | 255 |

# ആമുഖം

ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകൾ ജനങ്ങൾക്ക് അർഹതപ്പെട്ട സേവനങ്ങൾ സുതാര്യതയോടെ സമയ ബന്ധിതമായി നൽകുമ്പോഴാണ് ജനാധിപത്യ സംവിധാനം നിലനിൽക്കുകയുള്ളൂ. ഇതിനായി ഭരണ സംവിധാനം എന്തെല്ലാം സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ടെന്ന് ജനങ്ങൾക്ക് പൊതുവിൽ അറിവുണ്ടാകേണ്ടതുണ്ട്. സേവനങ്ങളുടെ കാര്യക്ഷമത, വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിവ്, തിരഞ്ഞെടുക്കലിലും ചർച്ച ചെയ്യുന്നതിനുമുള്ള അവസരം, പക്ഷപാതമില്ലാത്ത സമീപനം, ഏതവസരത്തിലും ബന്ധപ്പെടാനുള്ള അവസരം, പരാതി പരിഹാരം, പരസ്പര വിശ്വാസം എന്നിവ ജനങ്ങളുമായി പങ്കുവെക്കു കയും അവരുടെ സ്നേഹവും വിശ്വാസവും സഹകരണവും ആർജ്ജിച്ചുകൊണ്ട് ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു പുത്തൻ ഭരണതന്ത്രം പ്രാവർത്തികമാക്കുക ആണ് ലക്ഷ്യം, ആയതിലേക്കുള്ള കരുത്തുറ്റ കാൽവെയ്പ്പാണ് ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിദ്ധീകരിക്കുന്ന ഈ പൗരാവകാശ രേഖ.

**ആൻസി വില്യംസ്**
പ്രസിഡണ്ട്

# ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലങ്ങൾ ജനപ്രതിനിധികൾ

| ക്രമ നമ്പർ | നിയോജക മണ്ഡലത്തിന്റെ പേര് | ജനപ്രതിനിധി |
|---|---|---|
| 1. | കാട്ടകാമ്പാൽ | എൻ. കെ ഹരിദാസൻ<br>9495332798 |
| 2. | കടവല്ലൂർ | വിശ്വംഭരൻ സി കെ<br>9400162522 |
| 3. | പെരുമ്പിലാവ് | അഷറഫ് ടി കെ<br>9846717978 |
| 4. | തിപ്പിലശ്ശേരി | ശാരിക വി<br>7907079650 |
| 5. | പന്നിത്തടം | കെ കെ മണി<br>9656658622 |
| 6. | വെള്ളറക്കാട് | ലളിത ഗോപി<br>9605302464 |
| 7. | വേലൂർ | സപ്ന റഷീദ്<br>9846619575 |
| 8. | കേച്ചേരി | ആൻസി വില്യംസ്<br>9526182684, 8281040181 |
| 9. | മറ്റം | ശാരി ശിവൻ<br>875580630 |
| 10. | കണ്ടാണശ്ശേരി | കെ ജി പ്രമോദ്<br>9947220289 |
| 11. | ചൂണ്ടൽ | ടി എ മുഹമ്മദ്ഷാഫി<br>9947394916 |
| 12. | ചൊവ്വന്നൂർ | രജിത ഷിബു<br>9961216710 |
| 13. | പോർക്കുളം | സിന്ധു ബാലൻ<br>9562221651 |
| 14. | പഴഞ്ഞി | ടി എസ് മണികണ്ഠൻ<br>9447429482 |

# ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റികൾ

| ക്രമ നമ്പർ | സ്റ്റാന്റിംഗ് കമ്മറ്റി | ചെയർമാൻ | അംഗങ്ങൾ | കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ |
|---|---|---|---|---|
| 1 | ധനകാര്യം | പ്രമോദ് കെ ജി | ശാരിക വി<br>രജിത ഷിബു<br>വിശ്വംഭരൻ സി കെ | ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതു ഭരണം, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ |
| 2 | വികസനം | ലളിത ഗോപി | മണി കെ കെ<br>അഷറഫ് ടി കെ | വികസന ആസൂത്രണം, സാമൂഹികവും, സാമ്പത്തികവും പ്ലാന്റിംഗ്, കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, ചെറുകിട ജലസേചനം, പൊതു മരാമത്ത്, പാർപ്പിട സൗകര്യം, വൈദ്യുതി, നീർത്തട പരിപാലനം, ചെറുകിട വ്യവസായം. തൊഴിലുറപ്പ് പദ്ധതി, മണ്ണ്, ജല സംരക്ഷണം |
| 3 | ക്ഷേമകാര്യം | എൻ.കെ ഹരിദാസൻ | സിന്ധു ബാലൻ<br>മുഹമ്മദ്ഷാഫി | പട്ടികജാതി-വർഗ്ഗ വികസനം, സ്ത്രീകളുടേയും, കുട്ടികളുടേയും വികസനം, സാമൂഹ്യക്ഷേമം, ദാരിദ്ര്യ ലഘൂകരണം, പൊതു വിതരണ സമ്പ്രദായം |
| 4 | ആരോഗ്യവും വിദ്യാഭ്യാസവും | ശാരി ശിവൻ | സപ്ന റഷീദ്<br>ടി എസ്<br>മണികണ്ഠൻ | പൊതുജനാരോഗ്യം, പരിസ്ഥിതി, വിദ്യാഭ്യാസം, കലയും സംസ്കാരവും വിനോദവും. |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | ഫോൺ (ഓഫീസ്) | മൊബൈൽ |
|---|---|---|---|
| സെക്രട്ടറി | അഭിലാഷ് എം.ആർ. | 04885 - 222670 | 9645773227 |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | നൈജു ടി.വി. | 04885-226838 | 9496862137 |
| അസി. എഞ്ചിനീയർ | ആശ കെ.എസ്. | | 9745392597 |
| ചീഫ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി.പഴഞ്ഞി | Dr. നവ്യ ഇട്ട്യേര | 04885-274249 | 9446567865 |
| അസി.ഡയറക്ടർ കൃഷിവകുപ്പ് | റിയ ജോസഫ് | 04885-284869 | 9383471447 |
| പട്ടികജാതി വികസന ഓഫീസർ | ഷാബു ടി.ആർ. | | 9446903822 |
| വ്യവസായ വികസന ഓഫീസർ | സുധീർ പി. | | 8547431805 |
| ക്ഷീരവികസന ഓഫീസർ | വന്ദന പി.എസ്. | 04885 224353 | 9747544997 |
| ശിശു വികസന ഓഫീസർ | ശ്രീലത ടി.വി. | 04885-210310 | 9495401276 |
| ശിശുവികസന ഓഫീസർ (അഡീഷണൽ) | ജയശ്രീ കെ. | 04885-223499 | 9495656882 |

## ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ

| നമ്പർ | പേര് | തസ്തിക |
|---|---|---|
| 1. | ബി.ഡി.ഒ. / സെക്രട്ടറി | അഭിലാഷ് എം.ആർ. |
| 2. | ജോ. ബി.ഡി.ഒ. | ജുജു ജോർജ്ജ് ഇ. |
| 3. | ഇ.ഒ. (പി. & എം.) | അജിത വി.ബി. |
| 4. | ഇ.ഒ. (എച്ച്) | നാസു എ.എം. |
| 5. | ജി.ഇ.ഒ | രഞ്ജിനി എൻ. |
| 6. | ഇ.ഒ.(ഡബ്ലിയു. ഡബ്ലിയു) | എം.ആർ. രാജേഷ് |
| 7. | ഹെഡ് ക്ലാർക്ക് (എച്ച്.ജി.) | പുഷ്പ വാസുദേവൻ |
| 8. | ഹെഡ് അക്കൗണ്ടന്റ് | ബിനി പി.എൽ. |
| 9. | സീനിയർ ക്ലർക്ക് | രേഷ്മ എസ്. |
| 10. | ക്ലർക്ക് | അനീഷ് കെ.വി. |
| 11. | ക്ലർക്ക് | അനിത കെ. |
| 12. | ക്ലർക്ക് ഡിപ്ലോയിഡ് | സിന്ധു കെ.കെ |
| 13. | ടൈപ്പിസ്റ്റ് | മിനി എം.കെ. |
| 14. | സീനിയർ ഗ്രേഡ് ഡ്രൈവർ | കബീർ എൻ.എ. |
| 15. | വി.ഇ.ഒ. ഗ്രേഡ് 1 | ബൈജു വിൻസെന്റ് സി. |
| 16. | വി.ഇ.ഒ. ഗ്രേഡ് 1 | ഹരി കെ.എ. |
| 17. | വി.ഇ.ഒ. ഗ്രേഡ് 1 | പ്രജിത സി.ഡി. |
| 18. | വി.ഇ.ഒ. ഗ്രേഡ് 1 | സൂര്യ കെ.ആർ. |
| 19. | വി.ഇ.ഒ. ഗ്രേഡ് 1 | ലിജി ഇ.പി. |
| 20. | വി.ഇ.ഒ. ഗ്രേഡ് 2 | മുഹമ്മദ് ഫർഹാൻ എ.പി. |
| 21. | വി.ഇ.ഒ. ഗ്രേഡ് 2 | സൺവിൻ ജോൺ |
| 22. | വി.ഇ.ഒ. ഗ്രേഡ് 2 | നിഷ ആർ.ബി. |
| 23. | വി.ഇ.ഒ. ഗ്രേഡ് 2 | ഐശ്വര്യ പി.ആർ. |
| 24. | വി.ഇ.ഒ. ഗ്രേഡ് 2 | അശ്വതി പി. |
| 25. | വി.ഇ.ഒ. ഗ്രേഡ് 2 | വിവേക് ജസ്റ്റിൻ |
| 26. | വി.ഇ.ഒ. ഗ്രേഡ് 2 | പ്രിയ യു. |
| 27. | വി.ഇ.ഒ. ഗ്രേഡ് 2 | ജീബ എം. |
| 28. | വി.ഇ.ഒ. ഗ്രേഡ് 2 | ഐശ്വര്യലക്ഷ്മി കെ.എസ്. |
| 29 | വി.ഇ.ഒ. ഗ്രേഡ് 2 | ലിത എ.ടി. |
| 30. | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2 | ആതിര എസ്. |
| 31. | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2 | രതിമോൾ എം.പി.വി. |
| 32. | പി ടി എസ് | ശരൺ |

# ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്

| നമ്പർ | തസ്തികയുടെ പേര് | നിലവിലുള്ള എണ്ണം | ചുമതലകൾ |
|---|---|---|---|
| 1. | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ/ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ | 1 | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിന്റേയും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റേയും ഓഫീസ് മേധാവി. കേന്ദ്രാവിഷ്കൃത പദ്ധതികൾ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, ജനകീയാസൂത്രണ പദ്ധതി എന്നിവയുടെ നടത്തിപ്പ് ചുമതല |
| 2. | ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ഇ.ജി.എസ്) | 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഏല്പിക്കുന്ന എല്ലാ ജോലികളും കൂടാതെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ/സെക്രട്ടറി ഇല്ലാത്ത സമയങ്ങളിൽ ബിഡിഒ സെക്രട്ടറിയടെ അധികചുമതല |
| 3. | ഹെഡ് ക്ലാർക്ക് | 1 | ജീവനകാര്യം,ക്യാഷ് ബുക്ക്, അക്വിറ്റൻസ്, ബിൽബുക്ക്, സെക്യൂരിറ്റി രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ഹാജർ പുസ്തകം എന്നിവയുടെ ചുമതല, വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾക്കുള്ള മറുപടി തയ്യാറാക്കുന്നതിനുള്ള മേൽനോട്ടം. വിവരാവകാശ നിയമം, ഭരണ നിർവ്വഹണ മേൽനോട്ടം, കേസുകളുടെ മേൽനോട്ടം. |
| 4. | ഹെഡ് അക്കൗണ്ടന്റ് | 1 | സാംഖ്യ സോഫ്റ്റ് വെയറിൽ അക്കൗണ്ടുകളുടെ പരിപാലനം, മേൽനോട്ടം, ആദായ നികുതി റിട്ടേൺ, അക്കൗണ്ടുകളുടെ റിക്കൺസിലേഷൻ, എ.എഫ്.എസ്., ബഡ്ജറ്റ് തയ്യാറാക്കൽ. ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി യോഗം മിനിറ്റ്സ് ചുമതല |
| 5. | എക്സ്റ്റൻഷൻ ഓഫീസർ (പി&എം) | 1 | ഓഫീസിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളുടേയും പുരോഗതി റിപ്പോർട്ട് തയ്യാറാക്കി മേൽ ഓഫീസുകളിലേക്ക് സമയാസമയങ്ങളിൽ അയയ്ക്കുക, കമ്പ്യൂട്ടറുകൾ, മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ പ്രവർത്തനം, കൂടാതെ സ്റ്റാഫ് മീറ്റിംഗ് ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മറ്റി, എന്നിവയുടെ മിനിട്ട്സിന്റെ ചുമതല |
| 6. | എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) | 1 | ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് പ്ലാൻ കോ-ഓർഡിനേറ്റർ, ഐ.ഡബ്ലിയു.എം.പി, പി.എം.കെ.എസ്.വൈ പദ്ധതികളുടേയും എം.കെ.എസ്.പി. പദ്ധതിയുടയേം ചുമതലകളും പരിശീലന പരിപാടികളുടെ മേൽനോട്ടവും കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം മിനിട്ട്സ് ചുമതല |
| 7. | എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) | 1 | പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ), ലൈഫ് ഉൾപ്പെടെയുള്ള എല്ലാ ഭവനനിർമ്മാണ/അറ്റകുറ്റപണികൾ എന്നീ പദ്ധതികളുടെ ചുമതല. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി യോഗം മിനിറ്റ്സ് ചുമതല |
| 8. | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | ദേശീയ സമ്പാദ്യ പദ്ധതിയുടമായി ബന്ധപ്പെട്ട ജോലികൾ, കേരളോത്സവം, സാക്ഷരത, ഓഫീസ് ആസ്തികളുടേയും സ്ഥാവരജംഗമ വസ്തുക്കളുടേയും മേൽനോട്ട ചുമതലകൾ, ബ്ലോക്ക് സംബന്ധമായ മറ്റു പൊതുകാര്യങ്ങളും കൂടാതെ ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മറ്റി യോഗം മിനിട്ട്സ് എന്നീ ചുമതലകൾ, സമ്പൂർണ്ണ ശുചിത്വ യജ്ഞം, അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി എന്നിവയുടെ ബ്ലോക്ക്തല ചാർജ്ജ് ഓഫീസർ |

# ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്

| നമ്പർ | തസ്തികയുടെ പേര് | നിലവിലുള്ള എണ്ണം | ചുമതലകൾ |
|---|---|---|---|
| 9. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | ഗ്രാമവികസനവകുപ്പിന്റെ കീഴിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിവിധതരം ദാരിദ്രലഘൂകരണ, വികസന, പദ്ധതികളുടെ ഗ്രാമപഞ്ചായത്ത് തല ഉദ്യോഗസ്ഥൻ കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണം, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ, സമ്പൂർണ്ണ ശുചിത്വയജ്ഞം ചാർജ്ജ് ഓഫീസർ എന്നീ ചുമതലകൾ, അതിദാരിദ്ര്യ നിർമ്മാർജനത്തിന്റെ അസി. നോഡൽ ഓഫീസർ |
| 10. | ക്ലാർക്ക് | 3+1 (ഡിപ്ലോയ്മെന്റ്) | **എ സെക്ഷൻ**<br>പ്ലാൻ, എം.പി. എൽ. എ.ഡി.എസ്, എം.എൽ.എ.എസ്.ഡി.എഫ്, എൻ.സി.എഫ്.ആർ,ഡബ്ല്യൂ. എന്നിവയുടെ ചുമതല<br>**ബി സെക്ഷൻ**<br>ജീവനകാര്യം, കണ്ടിജന്റ് ബില്ലുകൾ, ജി.പി.എഫ്, പ്രതിമാസ റിപ്പോർട്ടുകൾ, നിയമസഭാ ചോദ്യങ്ങൾ, വിവരാവകാശം, സേവനാവകാശം<br>**സി സെക്ഷൻ**<br>പി.എം.എ വൈ. ഭവന നിർമ്മാണം, ലൈഫ്, സമ്പൂർണ്ണ ശുചിത്വ പരിപാടി, ദേശീയ സമ്പാദ്യ പദ്ധതി, തെരഞ്ഞെടുപ്പ്, മുഖ്യമന്ത്രിയുടെ പരാതി പരിഹാര പരിപാടി (സി.എം.ഒ.)<br>**ഡി സെക്ഷൻ**<br>ബി.പി.എൽ, ലോക്കൽ ഫണ്ട്, പെർഫോർമൻസ്, എ.ജി (സെക്രട്ടറി) എന്നീ ഓഡിറ്റുകളുടെ റിപ്പോർട്ടുകൾ തയ്യാറാക്കൽ. എസ്.ജി.എസ്.വൈ, എസ്.ജി.ആർ.വൈ, എസ്.എച്ച്.ജി, വേഗ, ഐ.ഡബ്ല്യു. എം.പി (പി.എം.കെ.എസ്.വൈ), എം.കെ.എസ്.പി., എസ്.ഇ.സി.സി., സാക്ഷ്യപത്രങ്ങൾ, റിക്കൺസിലിയേഷൻ, സ്വച്ഛ് ഭാരത് അഭിയാൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്., ജനറൽ പർപ്പസ് ഗ്രാന്റ്, ധനകാര്യകമ്മറ്റി, വാഹനം, എ.ജി. ഓഡിറ്റ് |
| 11. | ടൈപ്പിസ്റ്റ് | 1 | ഡെസ്പാച്ച്, ഡിസ്ട്രിബ്യൂഷൻ, സ്റ്റാമ്പ് അക്കൗണ്ട്, സ്റ്റേഷനറി, സ്റ്റോക്ക്, തപാൽ എന്നിവയുടെ ചുമതലയും കൂടാതെ ഓഫീസിലെ എല്ലാ ടൈപ്പിംഗ് ജോലിയും |
| 12. | ഡ്രൈവർ | 1 | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിന്റേയും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെയും ആവശ്യങ്ങൾക്കായി വാഹനം ഓടിക്കലും വാഹനത്തിന്റെ പരിപാലനവും |
| 13. | ലാസ്റ്റ് ഗ്രേഡ് സർവെന്റ്സ് | 2 | ഓഫീസിലെ എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട സഹായം നൽകൽ |
| 14. | പാർട്ട് ടൈം സ്വീപ്പേഴ്സ് | 1 | ഓഫീസ്, ഓഫീസ് പരിസരം വൃത്തിയാക്കൽ |
| 15. | അക്രഡിറ്റഡ് എഞ്ചിനീയർ | 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളുടേയും ചുമതല |
| 16. | അക്കൗണ്ടന്റ് കം. ഐ.ടി. അസിസ്റ്റന്റ് | 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ കണക്കുകളും വിവരങ്ങളും എൻട്രി ചെയ്യൽ, റിപ്പോർട്ട് അയക്കൽ |

# ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ചരിത്ര താളുകളിലൂടെ...

## ചൊവ്വന്നൂർ

തൃശ്ശൂർ ജില്ലയിൽ കുന്നംകുളം താലൂക്കിലാണ് ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ചൂണ്ടൽ, എരനെല്ലൂർ, ചിറനെല്ലൂർ, ചൊവ്വന്നൂർ, ചെമ്മന്തട്ട, കാണിപ്പയ്യൂർ, കടവല്ലൂർ, പെരുമ്പിലാവ്, കരിക്കാട്, ആളൂർ, കണ്ടാണശേരി, കാട്ടകാമ്പാൽ, പഴഞ്ഞി, അകതിയൂർ, പോർക്കുളം, മങ്ങാട്, ചിറമനങ്ങാട്, കടങ്ങോട്, ഇയ്യാൽ, വെള്ളറക്കാട്, കിരാലൂർ, വേലൂർ, തയ്യൂർ, വെള്ളാറ്റഞ്ഞൂർ എന്നീ വില്ലേജുകൾ ചൊവ്വന്നൂർ ബ്ലോക്കിലാണ് സ്ഥിതി ചെയ്യുന്നത്. ചൂണ്ടൽ, ചൊവ്വന്നൂർ, കടവല്ലൂർ, കണ്ടാണശ്ശേരി, കാട്ടകാമ്പാൽ, പോർക്കുളം, കടങ്ങോട്, വേലൂർ എന്നീ ഗ്രാമപഞ്ചായത്തുകളുമായി വ്യാപിച്ചുകിടക്കുന്ന ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന് 170.2 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട്. 14 ഡിവിഷനുകളുള്ള ചൊവ്വന്നൂർ ബ്ലോക്കിന്റെ അതിരുകൾ വടക്കുഭാഗത്ത് പെരുമ്പടപ്പ്, തൃത്താല എന്നീ ബ്ലോക്കുകളും, കിഴക്കുഭാഗത്ത് വടക്കാഞ്ചേരി, പുഴയ്ക്കൽ എന്നീ ബ്ലോക്കുകളും, തെക്കു ഭാഗത്ത് പുഴയ്ക്കൽ, മുല്ലശ്ശേരി എന്നീ ബ്ലോക്കുകളും, ഗുരുവായൂർ മുനിസിപ്പാലിറ്റിയും, പടിഞ്ഞാറു ഭാഗത്ത് ഗുരുവായൂർ, കുന്നംകുളം മുനിസിപ്പാലിറ്റികളും, ചാവക്കാട്, പെരുമ്പടപ്പ് ബ്ലോക്കുകളുമാണ്. സമുദ്രനിരപ്പിൽ നിന്നും 30-40 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതും കുന്നുകളും, ചരിവുകളും, സമതലങ്ങളും, വയലുകളും നിറഞ്ഞ ഭൂപ്രകൃതിയുമാണ് ഈ ബ്ലോക്കിലുള്ളത്. എൻ.എച്ച് - 47, എൻ. എച്ച്-17 എന്നീ സുപ്രധാന പാതകളെ ബന്ധിപ്പിക്കുന്ന എൻ.എച്ച്. ബൈപ്പാസ്, തൃശൂർ കോഴിക്കോട് സ്റ്റേറ്റ് ഹൈവേ എന്നീ റോഡുകൾ ചൊവ്വന്നൂർ ബ്ലോക്കിലൂടെയാണ് കടന്നുപോകുന്നത്. നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, ഇഞ്ചി തുടങ്ങിയവയാണ് ഇവിടുത്തെ മുഖ്യ കാർഷിക വിളകൾ. ചരിവു പ്രദേശങ്ങളിലും മറ്റും റബ്ബർകൃഷിയും കാണാം.

കഥാസാഹിത്യരംഗത്തെ വടവൃക്ഷമായിരുന്ന അഡ്വ. സി.വി. ശ്രീരാമൻ എന്ന മഹാപ്രതിഭ ഈ ബ്ലോക്കിന്റെ ഭരണ സമിതിയ്ക്കു നേതൃത്വം നൽകിയിട്ടുണ്ട്. ആയിരത്തിത്തൊള്ളായിരത്തി അറുപത്തി ഒന്ന് ജനുവരിയിൽ ചൊവ്വന്നൂരിലുള്ള കൊട്ടിൽ ഉക്രുകുട്ടി എന്നയാളുടെ വാടകക്കെട്ടിടത്തിൽ ചൊവ്വ ന്നൂർ എൻ.ഇ.എസ്.ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു. അതിപുരാതനമായ ആദിദ്രാവിഡ നാഗരികതയ്ക്കും വൈദിക സംസ്കാരത്തിനും ബൗദ്ധ-ജൈന-ആര്യ സംസ്കൃതികൾക്കും ഇവിടെ വളരെ ശക്തമായ അടിത്തറ ഉണ്ടായിരുന്നതായി പ്രാചീന രേഖകൾ വ്യക്തമാക്കുന്നുണ്ട്. 1912 വരെ ഇവിടെ നിലനിന്ന പ്രശസ്തമായ ഒരു സംസ്കൃത വിദ്യാപീഠം ചൊവ്വന്നൂരിന്റെ ഖ്യാതി തെന്നിന്ത്യ മുഴുവൻ വ്യാപിപ്പിക്കു ന്നതിന് വളരെയധികം സഹായകമായിട്ടുണ്ട്.

## സാമൂഹ്യചരിത്രം

അതിപുരാതനമായ ആദിദ്രാവിഡ നാഗരികതയ്ക്കും വൈദിക സംസ്കാരത്തിനും ബൗദ്ധ-ജൈന-ആര്യ സംസ്കൃതികൾക്കും ഇവിടെ വളരെ ശക്തമായ അടിത്തറ ഉണ്ടായിരുന്നതായി പ്രാചീന രേഖകൾ വ്യക്തമാക്കുന്നുണ്ട്. 1912 വരെ ഇവിടെ നിലനിന്ന പ്രശസ്തമായ ഒരു സംസ്കൃത വിദ്യാ പീഠം ചൊവ്വന്നൂരിന്റെ ഖ്യാതി തെന്നിന്ത്യ മുഴുവൻ വ്യാപിപ്പിക്കുന്നതിന് വളരെയധികം സഹായകമാ യിട്ടുണ്ട്. ഒരു കാലത്ത് മോഹിനിയാട്ടത്തിന് പേരുകേട്ട പ്രദേശമായിരുന്നു ഇവിടുത്തെ കടവല്ലൂർ ഗ്രാമ ത്തിലെ കൊരട്ടിക്കര. ഇവിടെ നിന്നും വളർന്നുവന്ന പ്രശസ്തരായ നിരവധി കലാകാരന്മാരും കലാകാ രികളും മോഹിനിയാട്ടരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഈ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന 16 നൂറ്റാ ണ്ടുകൾ പഴക്കമുള്ള മറ്റം ഫെറോനപള്ളി തോമശ്ലീഹാ സ്ഥാപിച്ച പാലയൂർ പള്ളിക്കു ശേഷമുണ്ടായ പ്രധാന പള്ളിയാണ്. കേച്ചേരിയിലെ പട്ടിക്കര തടത്തിൽ മസ്ജിദിന് ഇവിടുത്തെ മുസ്ലീം ചരിത്രത്തോളം തന്നെ പഴക്കമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. പ്രാചീനമായ ഒട്ടേറെ ക്ഷേത്രങ്ങളും ഈ ബ്ലോക്ക് പഞ്ചാ യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. പ്രശസ്തമായ "കടവല്ലൂർ അന്യോന്യ" ത്തിന്റെ വേദിയും പ്രാചീന ക്ഷേത്ര വാസ്തുകലയുടെ ഉത്തമദൃഷ്ടാന്തവുമായ കടവല്ലൂർ ശ്രീരാമക്ഷേത്രം, ഇവിടത്തെ ദീപസ്തംഭം, എ.ഡി. 404-ൽ നിർമ്മിക്കപ്പെട്ട ഫെറോന പള്ളി, പോർക്കുളം മങ്ങാട് ക്ഷേത്രത്തിലെ കുതിര മഹോ

ത്സവം എന്നിവ ഭക്തജനങ്ങളേയും, ചരിത്രകുതുകികളേയും, വിനോദ സഞ്ചാരികളേയും ഒരുപോലെ ആകർഷിക്കുന്നു. അരിയന്നൂർ, കണ്ടാണശ്ശേരി, ചൊവ്വന്നൂർ, കാട്ടകാമ്പാൽ എന്നീ പ്രദേശങ്ങളിൽ കാണപ്പെടുന്ന ഗുഹകളും, കല്ലടുക്കുകളും ഇന്ത്യൻ പുരാവസ്തു ശാസ്ത്രജ്ഞർ പഠനവിധേയമാക്കിയവയാണ്. പ്രസ്തുത ഗുഹകൾ ചെന്തമിഴ് കാലഘട്ടത്തിലെ ബൗദ്ധ-ജൈന സന്യാസിമാരുടെ ധ്യാനമന്ദിരങ്ങളാണെന്ന് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മഹാശിലായുഗ സംസ്കൃതിക്കും ബൗദ്ധ-ജൈന സംസ്കാരങ്ങൾക്കും വേദസംസ്ക്കൃതിക്കും തട്ടകമൊരുക്കിയ ഈ മണ്ണിൽ ഫ്യൂഡൽ വാഴ്ചയ്ക്കെതിരെയും, ജന്മി-സവർണ്ണ മേൽക്കോയ്മയ്ക്കെതിരെയും കൊടുമ്പിരിക്കൊണ്ട പ്രക്ഷോഭങ്ങളും അരങ്ങേറിയിട്ടുണ്ട്. കൊളോണിയൽ വാഴ്ചയും രാജഭരണവും മൈസൂർപ്പടയുമെല്ലാം ഈ നാട്ടകങ്ങളുടെ നെഞ്ചിൽ സിംഹപാദമുദ്രകൾ ചാർത്തി കടന്നുപോയി. ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമങ്ങളിലായി കണ്ടെത്തപ്പെട്ട കുടക്കല്ലുകളും, ഗുഹകളും മുനിയറകളും മഹാശിലായുഗ സംസ്കാരത്തിന്റേയും, പുരാതനകാലത്ത് കേരളത്തിൽപ്രബലമായിരുന്ന ബൗദ്ധ-ജൈന സംസ്കൃതികളുടേയും സ്മാരകങ്ങളെന്ന നിലയിൽ കേന്ദ്ര-സംസ്ഥാന പുരാവസ്തുവകുപ്പുകളുടെ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുള്ളവയാണ്. 1920-ലാണ് ഈ ഗുഹകൾ ആദ്യമായി ശ്രദ്ധയിൽപെട്ടത്. അവയിൽ ഏറിയ കൂറും ജൈനസന്യാസിമാരുടെ മുനിയറകളാണ്. എ.ഡി. ഒന്നാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനും ഇടയ്ക്ക് ഇവിടങ്ങളിൽ ബൗദ്ധ-ജൈന സംസ്കാരങ്ങൾ പ്രബലമായിരുന്നെന്ന് അനുമാനിക്കാൻ ന്യായമുണ്ട്. അഞ്ചാം നൂറ്റാണ്ടോടെ ജൈനമതം അപചയത്തിലേക്കു നീങ്ങിത്തുടങ്ങി. ഏഴാം നൂറ്റാണ്ടു മുതൽ ബുദ്ധമതവും ക്ഷയിച്ചു തുടങ്ങി. അക്കാലത്ത് ശക്തിപ്പെട്ടുവന്ന ഹൈന്ദവ സംസ്കാരത്തിന് അവ വഴിമാറുകയും ചെയ്തു. ഇസ്ലാമിന്റെ ആവിർഭാവകാലമായിരുന്ന അക്കാലത്ത് ബുദ്ധമതാനുയായികളിൽ ഒരു വിഭാഗം ഇസ്ലാം മതം സ്വീകരിച്ചതായി ഇബനുബത്തുത്ത രേഖപ്പെടുത്തിയിട്ടുള്ള കാര്യം ഇളംകുളം കുഞ്ഞൻപിള്ള ചൂണ്ടിക്കാട്ടുന്നുണ്ട്. കണ്ടാണശ്ശേരി, ചൊവ്വന്നൂർ, പോർക്കുളം, കാട്ടകാമ്പാൽ എന്നിവിടങ്ങളിലെ ഗുഹകളും അരിയന്നൂരിലെ കുടകല്ലുകളും ജൈനസംസ്കാരത്തോടു ബന്ധപ്പെട്ടവയാണെന്നാണ് ചരിത്രകാരന്മാരുടെ പക്ഷം. കുട തന്നെ ജൈനചിഹ്നമാണ്. ഗുഹയ്ക്കകത്തെ ബ്രഹ്മി ലിഖിതങ്ങളുടേയും പാറയിൽ കൊത്തിവെച്ച കട്ടിലുകളുടെയും മറ്റും സാന്നിധ്യംകൊണ്ടാണ് ഇവയെല്ലാം ജൈനസന്യാസിമാരുടെ മുനിയറകളാണെന്ന് സ്ഥാപിച്ചത്. ജൈന സന്യാസിമാർ ബുദ്ധഭിക്ഷുക്കളേക്കാൾ ഏകാന്തത ആവശ്യമുള്ളവരായിരുന്നുവെന്നും അതിനാലാണ് അവർ ഭൂഗർഭ അറകൾ നിർമ്മിച്ച് ധ്യാനമിരുന്നതെന്നും ചൂണ്ടിക്കാണിക്കുന്നു. പല ജൈനമുനിയറകളും ബുദ്ധമതക്കാരുടേതെന്നു തെറ്റിദ്ധരിക്കുക പതിവായിരുന്നുവെന്ന് ഫെർഗുസന്റെ പ്രസ്താവനയും ഇവിടെ പ്രസക്തമാകുന്നു. തൊട്ടപ്പുറത്ത് പാലക്കാട് ജില്ലയിൽ ജൈനകുടുംബവും ജൈനക്ഷേത്രവും ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നതും അയൽപ്രദേശങ്ങളായ ആലങ്കോട്, ഇയ്യാൽ, നാഗലശ്ശേരി എന്നിവിടങ്ങളിലും ഗുഹകളും കുടക്കല്ലുകളും കണ്ടെടുക്കപ്പെട്ടിട്ടുണ്ടെന്നതും ജൈനസംസ്കാരം ഒരു കാലത്ത് ഇവിടെ പ്രബലമായിരുന്നു എന്നതിലേക്ക് വിരൽചൂണ്ടുന്നു. ജൈനക്ഷേത്രങ്ങൾ അധികവും പാറയിലാണ് നിർമ്മിച്ചിരിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട്, ചൂണ്ടൽപ്പാടത്ത് കുന്നിൻമുകളിൽ പാറപ്പുറത്ത് കാണുന്ന ക്ഷേത്രം പഴയ കാലത്തെ ജൈനക്ഷേത്രമായിരിക്കാൻ ന്യായമുണ്ടെന്ന് വി.വി.കെ. വാലത്ത് അഭിപ്രായപ്പെടുന്നു. എന്നാൽ പോർക്കുളത്ത് കുന്നിൻമുകളിൽ കണ്ട നാലു ഗുഹകൾ ബുദ്ധസന്യാസിമാരുടേതായിരിക്കാനാണ് സാധ്യത കാണുന്നത്. പോർക്കുളം വേദക്കാട് ക്ഷേത്രത്തിൽ നിന്നും കണ്ടെടുക്കപ്പെട്ട ശിലാപ്രതിമ ശ്രീബുദ്ധന്റേതാണെന്നു സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം ബുദ്ധസംസ്ക്കാര സ്മരണകളുണർത്തുന്ന പോർക്കുളം മങ്ങാട് ക്ഷേത്രത്തിലെ കുതിരമഹോത്സവവും ശ്രദ്ധേയമാകുന്നുണ്ട്. മരവും വൈക്കോലും ഉപയോഗിച്ച് നിർമ്മിച്ച 25 അടിയോളം ഉയരം വരുന്ന പടുകൂറ്റൻ കുതിരകളെ വഹിച്ചുകൊണ്ടുള്ള ഈ ഉത്സവത്തിന്, ബുദ്ധജയന്തി നാളിൽ പാറ്റ്നയിലും മറ്റും നടന്നിരുന്നതായി ഫാഹിയാൻ തന്റെ രേഖകളിൽ സൂചിപ്പിക്കുന്ന കുതിരമഹോത്സവത്തോടുള്ള സാദൃശ്യം തള്ളിക്കളയാവുന്നതല്ല. പോർക്കുളത്തോടു തൊട്ടുകിടക്കുന്ന കാട്ടകാമ്പാൽ ചിറക്കൽ ക്ഷേത്രത്തിലെ ഉത്സവത്തിനു മുള്ളയും മുരുക്കും കവുങ്ങിൻതടിയും ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന രണ്ടു നിലകളുള്ള തേരുകളും ചെറിയ തേരുകളും ശ്രദ്ധേയമാണ്. ഇത്തരം രഥങ്ങളും കുതിരകളുമടങ്ങുന്ന കെട്ടുകാഴ്ചകൾ മൺമറഞ്ഞ ബുദ്ധമത സംസ്കാരത്തിന്റെ സ്മരണകളുണർത്തുന്നു. ബ്ലോക്ക് പഞ്ചായത്തിൽ കണ്ടെത്തപ്പെട്ട ഇത്തരം ഗുഹകളെ "കൊടും കല്ലറകൾ" എന്നാണ് പുരാവസ്തു ശാസ്ത്രജ്ഞന്മാർ വർഗ്ഗീകരിച്ചിരിക്കുന്നത്. 600 വർഷം മുമ്പ് രചിക്കപ്പെട്ട "ഉണ്ണിയാടീചരിത"ത്തിൽ തലപ്പിള്ളി താലൂക്കിനെക്കുറിച്ചുള്ള പരാമർശം കാണുന്നു. 1819-ൽ ഇവിടുത്തെ സ്ഥല

ങ്ങൾ സന്ദർശിച്ച ബി.എസ്.വാർഡിന്റെ റിപ്പോർട്ടിൽ ചൊവ്വന്നൂരും, അതിയന്നൂരും അന്ന് അഭിവൃദ്ധി പ്രാപിച്ച ഗ്രാമങ്ങളായിരുന്നുവെന്ന് ചൂണ്ടിക്കാട്ടുന്നു. ചൂണ്ടൽ പ്രവൃത്തിയിലെ 16 ദേശങ്ങളിൽ ചൂണ്ടൽ ദേശമൊഴിച്ച് മറ്റുള്ളവ ദരിദ്രങ്ങളായിരുന്നു. ചൂണ്ടലിലെ തെയ്യങ്കാവ് ക്ഷേത്രത്തിന്റെ പ്രശസ്തിയേയും പഴമയേയും പറ്റി വാർഡ് പരാമർശിക്കുന്നുണ്ട്. അഗസ്ത്യമുനിയുടെ പാദസ്പർശമേറ്റതെന്നു പറയപ്പെടുന്ന അകതിയൂർ ഗ്രാമം അതിന്റെ നാമധേയത്തിൽത്തന്നെ അസ്ത്യസ്മൃതികളുണർത്തുന്നു. പോർക്കുളം പഞ്ചായത്തിലാണ് അകതിയൂർ (അഗസ്ത്യയൂർ) ഗ്രാമം സ്ഥിതി ചെയ്യുന്നത്. ഇത് യഥാർത്ഥത്തിൽ അഗസ്ത്യയൂർ ആയിരുന്നു. ആര്യന്മാർ ആദ്യമായി വിന്ധ്യാപർവ്വതം കടന്ന് തെക്കോട്ടു നീങ്ങിയ അഗസ്ത്യമുനി പോർക്കുളം കലശമലയുടെ പരിസരത്ത് കുറച്ചുകാലം തപസ്സനുഷ്ഠിച്ചുവെന്നും ആ സ്ഥലമാണ് പിൽക്കാലത്ത് അകതിയൂർ (അഗസ്ത്യയൂർ) ആയതെന്നും വിശ്വസിക്കപ്പെടുന്നു. പ്രാചീനമായ അരിയന്നൂർ ഹരികന്യക്ഷേത്രം പറയിപെറ്റ് പന്തിരുകുലത്തിലെ പെരുന്തച്ചൻ നിർമ്മിച്ചതാണെന്നും ഐതിഹ്യമുണ്ട്. കടവല്ലൂർ പഞ്ചായത്തിലെ കോട്ടോൽകുന്നിന്റെ നെറുകയിൽ അതിരാളൻകാവ് (അസുരമഹാകാളൻകാവ്) എന്നൊരു പ്രാചീനമായ കാവും ആനറാൻകുഴി എന്നൊരു ഗുഹാമാർഗ്ഗവും കാണാം.

തന്ത്രവിദ്യാപീഠവും, അക്ഷര കളരികളും, ക്ഷേത്ര കലകളായ കൂത്ത്, കൂടിയാട്ടം, കഥകളി എന്നിത്യാദികളും നൂറ്റാണ്ടുകൾക്ക് മുമ്പെ തന്നെ ഇവിടെ സജീവമായിരുന്നു. പഴഞ്ഞി ബസാറും അവിടുത്തെ സിറിയൻ ക്രിസ്ത്യാനികളുടെ പേട്ടയും നൂറ്റാണ്ടുകൾക്കു മുമ്പേ പ്രശസ്തമായിരുന്നുവെന്ന് വാർഡ് രേഖപ്പെടുത്തിയിരിക്കുന്നു. അന്ന് തലപ്പിള്ളി താലൂക്കിന്റെ ആസ്ഥാനം കുന്നംകുളമായിരുന്നുവെന്നും വാർഡിന്റെ റിപ്പോർട്ട് പറയുന്നു. ആർത്താറ്റ് നവാസികളായിരുന്നു കുന്നംകുളം പട്ടണത്തിന്റെ അഭിവൃദ്ധിക്കു നിമിത്തമായതെന്നും രേഖകളിൽ കാണുന്നു. 1790 ൽ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ആർത്താറ്റ് പള്ളിവികാരി പുലിക്കോട്ടിൽ യൗസേപ്പ് കത്തനാരുടെ നേതൃത്വത്തിൽ കുന്നംകുളത്തു വന്നു താമസിച്ച അഭയാർത്ഥികളുടെ കൂട്ടായ പരിശ്രമമായിരുന്നു പട്ടണത്തിന്റെ അഭിവൃദ്ധിക്കു അടിത്തറ പാകിയത്. ഒരു കാലത്ത് വന്യമൃഗഭീഷണി ഈ മേഖലയെ അലട്ടിയിരുന്നുവെന്നും അവയെ വധിക്കുന്നവർക്ക് സർക്കാർ ഇനാം ഏർപ്പെടുത്തിയിരുന്നുവെന്നും, പെരുമ്പിലാവ് ചങ്ങംകമരത്ത് പറങ്ങോടൻ എന്നയാൾ 1829 ൽ പുലിയെ വെടിവെച്ചുകൊന്ന് തോലും പല്ലും നഖവും ഹജൂരിൽ ഹാജരാക്കിയതിന് ഇപ്രകാരം ഇനാം നൽകിയിരുന്നുവെന്നും രേഖകളിൽ കാണുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ മൈസൂർപ്പടയുമായി കണ്ടാണശ്ശേരിയുടെ വീരപുത്രന്മാർ ഏറ്റുമുട്ടിയെന്നും ഇരുഭാഗത്തുമായി ആയിരത്തോളം പേർ വധിക്കപ്പെട്ടുവെന്നും പറയപ്പെടുന്നു. ഈ ജഡങ്ങൾ മുഴുവൻ ഒരു കുളത്തിലിട്ടു മൂടുകയായിരുന്നുവത്രെ. അതാണ് ഇന്നത്തെ ആയിരങ്കുളം. കൊച്ചിയും സാമൂതിരിയും തമ്മിൽ നീണ്ടുനിന്ന യുദ്ധത്തിനു വേദിയായതിനാലാണത്രേ പോർക്കുളം എന്ന ഗ്രാമത്തിന് പ്രസ്തുത സ്ഥലനാമം ലഭിച്ചത്. ആദ്യം പോർക്കളം എന്നറിയപ്പെട്ട ഇവിടം പിന്നീടു കാലാന്തരത്തിൽ പോർക്കുളം എന്ന് ശബ്ദഭേദം സംഭവിച്ചു. സാമൂതിരിയുടെ പടനായകന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടിരുന്നവർ കോട്ടയിൽ പണിക്കന്മാർ എന്നാണ് അറിയപ്പെട്ടിരുന്നത്. പിന്നീട് എന്തോ കാരണവശാൽ സാമൂതിരിക്ക് ഇവരോടു അപ്രീതി തോന്നുകയും ഇവിടെ കൊണ്ടുവന്നു താമസിപ്പിക്കുകയും ചെയ്തു. ഇവർ താമസമുറപ്പിച്ചതോടെ അരുവായ് എന്ന പഴയ സ്ഥലപ്പേര് വിസ്മൃതമാകുകയും കോട്ടയിൽ എന്ന നാമം ഉറയ്ക്കുകയും ചെയ്തു. കാലക്രമത്തിൽ കോട്ടയിൽ കോട്ടോൽ ആയി രൂപാന്തപ്പെടുകയും ചെയ്തു. ജന്മിവാഴ്ച അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഈ ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ നിലനിന്നിരുന്നു. ഫ്യൂഡൽ ആധിപത്യം നിഷ്ക്രമിച്ച ശേഷവും അതിന്റെ അവശിഷ്ടങ്ങൾ പല രൂപത്തിൽ ചില ഗ്രാമങ്ങളിലെങ്കിലും അടുത്ത കാലം വരെ നിലനിന്നുപോന്നു. ഓരോ ഭൂവുടമക്കും അടുത്തകാലം വരെ സ്വന്തമായ അടിയാളർ ഉണ്ടായിരുന്നു. അവർ അന്യ ഭൂവുടമകളുടെ ഭൂമികളിൽ പണിക്കു പോകാൻ അനുവദിക്കപ്പെട്ടിരുന്നില്ല. അത്തരം അടിയാളർക്ക് ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ അവരവരുടെ തമ്പ്രാൻപടിക്കൽ നിന്ന് മുണ്ട്, നെല്ല്, തേങ്ങ, വെളിച്ചെണ്ണ തുടങ്ങി എല്ലാ പലവ്യഞ്ജനങ്ങളും, കറി വെക്കാനുള്ള കായക്കുല, ചേമ്പ് എന്നിത്യാദികളും നൽകിയിരുന്നു. ഇവയും മേടിച്ച് അടിയാളർ ആർപ്പുവിളിച്ച് പോകണമെന്നായിരുന്നു കീഴ്നടപ്പ് എന്ന് നാട്ടറിവുകൾ പറയുന്നു. തമ്പ്രാൻപടിക്കൽ നിന്ന് കൊടുക്കുന്ന കൈക്കോട്ടു കൊണ്ടുവേണം അടിയാളന്റെ ശവം മറവുചെയ്യാൻ എന്നു വരെ കീഴ്വഴക്കമുണ്ടായിരുന്നു. ഇത്തരം അടിയാളർക്കു മറ്റു പണിക്കാരേക്കാൾ അൽപം കുറഞ്ഞ കൂലിയാണ് നൽകി വന്നിരുന്നത്. എൺപതുകൾവരെ ബ്ലോക്ക് പഞ്ചായത്തിലെ ചില ഗ്രാമങ്ങളിലെങ്കിലും ഈ സമ്പ്രദായം നിലനിന്നിരുന്നു. ഓണക്കാലത്ത് നമ്പൂതിരി ജന്മിമാരുടെ ഇല്ലങ്ങളിൽ അത്തപ്പൂവിടുന്നതിനുള്ള പൂക്കൾ അയൽപക്കത്തുള്ള

കുടിയാന്മാരുടെ കുട്ടികൾ ശേഖരിച്ച് എത്തിച്ചുകൊടുക്കുന്ന പതിവുണ്ടായിരുന്നതായി കാണുന്നു. ദേശീയ സമരങ്ങളുടേയും ജാതീയതാ വിരുദ്ധ പ്രക്ഷോഭത്തിന്റെയും ക്ഷേത്രപ്രവേശന ജാഥയുടേയും അല യൊലികളും ഈ നാട് ഏറ്റുവാങ്ങുകയും പ്രതികരിക്കുകയും ചെയ്തു. സ്വാതന്ത്ര്യസമര സേനാനിക ളായ പി.എസ്. നമ്പൂതിരി, സി. ഉണ്ണിരാജ, പി.കെ. മണത്തിൽ, കെ.സി.തോമസ് മാസ്റ്റർ, (തോമസ് മാസ്റ്ററെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ഇടവകയിൽ നിന്നു പുറത്താക്കുക പോലുമുണ്ടായി), ബോംബെ നാവിക കലാപത്തിൽ പങ്കെടുത്ത ശങ്കർജി മറ്റം, എം.എസ്. ദേവദാസ്, എം.കെ.രാജ തുടങ്ങിയവരായിരുന്നു ദേശീയ പ്രസ്ഥാനത്തിനു വേണ്ടി ഇവിടെ മുന്നിൽ നിന്ന് പ്രവർത്തി ച്ചത്. വി.ടി., എം.ആർ.ബി., ഇ.എം.എസ്. തുടങ്ങിയവർ ഇവിടുത്തെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് സമുദായ പരിഷ്ക്കരണ പ്രവർത്തനത്തിനു നേതൃത്വം നൽകിയിട്ടുണ്ട്. ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായ ത്തിൽ തനതായ ഒരു വിദ്യാഭ്യാസ സംസ്കാരം വളർന്നുവന്നിരുന്നു. കാർഷിക വൃത്തിയിലേർപ്പെട്ടിരു ന്നവരായിരുന്നു ഭൂരിഭാഗം ഗ്രാമീണരുമെങ്കിലും 15-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടം മുതൽക്കു തന്നെ വിദ്യാഭ്യാസ രംഗത്ത് ഇന്നാട്ടുകാർ ശ്രദ്ധ പതിപ്പിച്ചിരുന്നു. 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലും നിലനിന്നിരുന്ന ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായവും കുടിപ്പള്ളിക്കൂടങ്ങളും ഈ നാടിന്റെ വിദ്യാഭ്യാസ ചരിത്രത്തിന് ഊടും പാവും നൽകി. ഈ സമ്പ്രദായത്തിൽ അധ്യാപകർ എഴുത്താശ്ശാൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ദേശീയ പ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും ഈ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിയെ ത്വരിതപ്പെ ടുത്താൻ സഹായിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭ ദശകങ്ങളിൽപോലും ഗ്രാമീണർ അര വരെ മറയുന്ന വസ്ത്രം മാത്രമേ ധരിച്ചിരുന്നുള്ളൂവെന്ന് ചരിത്രരേഖകളിൽ കാണുന്നു. അന്തർജ്ജനങ്ങളും മുസ്ലീം സ്ത്രീകളും വേശ്യകളും മാത്രമേ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മാറ് മറച്ചിരുന്നുള്ളു വെന്ന് ഇളംകുളം കുഞ്ഞൻപിള്ള തെളിവു സഹിതം ചൂണ്ടിക്കാട്ടുന്നു. മടി നീട്ടിയുടുത്ത വെള്ളമുണ്ടും പല നിറങ്ങളിലുള്ള ജംബറും ധരിക്കുന്ന സ്ത്രീകളേയും, മുണ്ടും ഷർട്ടും അണിയുന്ന പുരുഷന്മാരേയും നാം കാണുന്നത് പിന്നീടാണ്. അറുപതുകൾ ആകുമ്പോഴേക്കും സാരിയും പാന്റും പ്രചാരം നേടിക്ക ഴിഞ്ഞിരുന്നു. കുടുമയും കടുക്കനും ഒരു കാലത്തെ കേരളീയ പുരുഷന്റെ സ്റ്റാറ്റസ് സിംബലായിരുന്നു മൊട്ടത്തലയും, താടിയും, പച്ച ബെൽറ്റും, കത്തിയുമണിഞ്ഞു നടന്നിരുന്ന മുസ്ലിം പുരുഷന്മാർ വേഷത്തിൽ മറ്റു സമുദായക്കാരുമായി സമീകരണം നേടിക്കഴിഞ്ഞു. ചട്ടയും മുറിയും കാതിൽമേക്കാ മോതിരവുമണിഞ്ഞിരുന്ന ക്രൈസ്തവ സ്ത്രീകൾ ഇന്നു വ്യാപകമായി സാരിയും ബ്ലൗസും ചുരിദാറും ഉപയോഗിക്കുന്നു.

അന്യോന്യത്തിന്റെ ഭൂമികയായ കടവല്ലൂർ, മദ്ദള കലാനിധി കടവല്ലൂർ അരവിന്ദാക്ഷന്റേയും സംസ്കൃത കവി വചസ്പതി മൂസ്സിന്റേയും നാടാണ്. ഇത്രമാത്രം രചനാസൗഷ്ഠവം തികഞ്ഞ മറ്റൊരു കൃതി ഭാഷാ സാഹിത്യത്തിൽ ഇല്ല എന്ന് മഹാകവി ഉള്ളൂർ ഉള്ളഴിഞ്ഞു പ്രശംസിച്ച പ്രശസ്ത പ്രാചീന മണിപ്രവാള കാവ്യമായ "ചന്ദ്രോത്സവം" ഈ നാടിന്റെ സംഭാവനയാണ്. അരിയന്നൂർക്കാരനായ കവി യാൽ വിരചിതമായ ഈ കാവ്യം ആരംഭിക്കുന്നതു തന്നെ അരിയന്നൂർ ഭഗവതിയെ സ്തുതിച്ചുകൊ ണ്ടാണ്. പതിനെട്ടരക്കവികളിൽ പ്രശസ്തനായിരുന്ന പയ്യൂർപട്ടേരി പോർക്കുളക്കാരനായിരുന്നു. മൂന്നു തലമുറകളിലായി കാവ്യമീ മാംസാദികളിൽ അഗ്രഗണ്യരായിരുന്ന ഒമ്പതു പയ്യൂർ പട്ടേരിമാരെ ഭാഷക്കും സാഹിത്യത്തിനും സംഭാവന ചെയ്ത പയ്യൂർ ഇല്ലം ഇന്നും പോർക്കുളത്തു സ്ഥിതി ചെയ്യുന്നു. വിഖ്യാത കവികളായിരുന്ന കാക്കശ്ശേരി ഭട്ടതിരിയും, ഉദ്ദണ്ഡശാസ്ത്രികളും, പയ്യൂർ പട്ടേരിയുമെല്ലാം നിറഞ്ഞു നിന്ന കാവ്യസദസ്സുകളാൽ ഒരു കാലത്ത് ഈ ഗ്രാമമേഖല മുഖരിതമായിരുന്നു. അക്കാലത്ത് വേദപ ണ്ഡിതന്മാരുടെ വിഹാരരംഗമായിരുന്ന സ്ഥലം ഇന്നും അറിയപ്പെടുന്നത് വേദക്കാട് എന്നുതന്നെ. 1850 -ൽ പ്രവർത്തനം മന്ദീഭവിച്ച ചൊവ്വന്നൂർ സംസ്കൃത വിദ്യാപീഠം പിന്നീടു പൂർവ്വസ്ഥിതി വീണ്ടെടുത്ത തിനു പിന്നിൽ സാമൂതിരിയുടേയും കൊച്ചി ദിവാൻ ശങ്കരവാര്യരുടേയും നിർല്ലോഭമായ സഹായമു ണ്ടായിരുന്നു. 1878-ൽ സാമൂതിരിയുടെ ധനസഹായം നിലച്ചതോടെ വിദ്യാപീഠം കൊച്ചി സർക്കാർ ഏറ്റെടുത്തു. പത്തൊമ്പതാം ശതകത്തിൽത്തന്നെ മറ്റം ഫൊറോന പള്ളിയോടനുബന്ധിച്ച് പ്രവർത്തി ച്ചുവന്ന വായനശാല ഭാഷാ സേവനരംഗത്ത് മിഷണറിമാർ ചെയ്തുവന്ന സ്തുത്യർഹ സേവനങ്ങൾക്ക് ഒരു നിദർശനം മാത്രം. വേലൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ആചാര്യതുല്യനായ അർണ്ണോസ് പാതി രിയുടെ ഭാഷാ സേവനപരമായ പ്രചരണ പ്രവർത്തനങ്ങൾ മറ്റു ഗ്രാമങ്ങളിലും എത്തിച്ചേർന്നിരുന്നു വെന്നു കാണാം. ഈ ബ്ലോക്ക് പഞ്ചായത്തിലെ നാട്ടകങ്ങൾ, ഭാഷക്കും സാഹിത്യത്തിനും സംഗീതനൃ ത്താദികൾക്കും അനുഷ്ഠാന കലകൾക്കും മദ്ദളാദി ചർമ്മ വാദ്യകലകൾക്കും നൽകിയ ഈടുറ്റ സംഭാ

വനകളിലൂടെ ചരിത്രത്തിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിട്ടുണ്ട്. നൃത്ത സംഗീതാദി സുകുമാര കലകൾക്കും വൈവിധ്യമാർന്ന നാടൻകലാരൂപങ്ങളും കളരി സംസ്ക്കാരത്തിന്റെ താളഭേദങ്ങൾ ഉൾച്ചേർന്ന മാപ്പിള കലകൾക്കും മണിത്തൊട്ടിലാകാൻ അവസരം സിദ്ധിച്ച ഈ നാട്ടകങ്ങൾ, ഭാഷയുടേയും സാഹിത്യത്തിന്റേയും ചരിത്രത്തിൽ നാഴിക ശിലകളായി മാറിയ ഏതാനും സാഹിത്യനായകന്മാരേയും സംഭാവന ചെയ്തിട്ടുണ്ട്. പ്രശസ്ത മലയാള സാഹിത്യകാരന്മാരായ കോവിലൻ, പോർക്കുളം ഗ്രാമത്തിൽ ജനിച്ച കിടയറ്റ കഥാകാരൻ സി.വി. ശ്രീരാമൻ, കേച്ചേരി സ്വദേശിയായ മലയാളത്തിന്റെ പ്രിയപ്പെട്ട കവി യൂസഫലി കേച്ചേരി തുടങ്ങിയ എത്രയോ പ്രതിഭകൾ ജനിച്ച ഗ്രാമങ്ങൾ ഈ ബ്ലോക്കിലാണ് സ്ഥിതി ചെയ്യുന്നത്. അന്യോന്യത്തിന്റെ ഭൂമികയായ കടവല്ലൂർ ഗ്രാമം, മദ്ദള കലാനിധി കടവല്ലൂർ അരവിന്ദാക്ഷന്റേയും മോഹിനിയാട്ട കുലപതി കൊരട്ടിക്കര കൃഷ്ണപ്പണിക്കരുടേയും ഓർമ്മകൾ ഉണർത്തുന്നു. കേരള കലാമണ്ഡലത്തിന്റെ സ്ഥാപന്മാരിലൊരാളും കഥകളിയുടേയും മറ്റു ക്ഷേത്രകലകളുടേയും അപചയം തടയുന്നതിനായി തന്റെ ജീവിതവും സ്വത്തുക്കളും ഉഴിഞ്ഞുവെച്ച ത്യാഗധനനുമായ മണക്കുളം മുകുന്ദരാജയുടെ സേവനങ്ങളും സ്മരിക്കപ്പെടേണ്ടതാണ്. മോഹിനിയാട്ടത്തിന്റെ ഈറ്റില്ലമായിരുന്ന കടവല്ലൂർ പഞ്ചായത്തിലെ കൊരട്ടിക്കരയിലെ അപ്പുരേടത്ത് കൃഷ്ണപ്പണിക്കരായിരുന്നു കലാമണ്ഡലത്തിൽ ആദ്യമായി മോഹിനിയാട്ടക്കളരി തുടങ്ങിവെച്ച ആശാൻ. പിന്നീട് കൊരട്ടിക്കരയിലെ തന്നെ രാമൻകണ്ടത്തു വളപ്പിൽ മാധവിയമ്മയും അദ്ദേഹത്തോടൊപ്പം പഠിപ്പിച്ചു തുടങ്ങി.

പതിനാറു നൂറ്റാണ്ടുകൾ പഴക്കമുള്ള മറ്റം ഫൊറോന പള്ളി, അതിപ്രാചീനമായ കടവല്ലൂർ, അരിയന്നൂർ ക്ഷേത്രങ്ങൾ, നൂറ്റാണ്ടുകളുടെ പഴമയുള്ള കേച്ചേരി-കോട്ടോൽ ജുമാ മസ്ജിദുകൾ എന്നിങ്ങനെ എണ്ണമറ്റ ദേവാലയങ്ങൾ തോളുരുമ്മി നിൽക്കുന്ന ഈ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ സാമുദായിക സൗഹാർദ്ദം എന്നും മാതൃകാപരമായിരുന്നു. പതിനാറു നൂറ്റാണ്ടുകൾ പഴക്കമുള്ള മറ്റം ഫെറോന പള്ളി തോമാശ്ലീഹ സ്ഥാപിച്ച പാലയൂർ പള്ളിക്കു ശേഷമുണ്ടായ ആദ്യത്തെ പള്ളിയാണ്. കേച്ചേരിയിലെ പട്ടിക്കര തടത്തിൽ മസ്ജിദിന് ഇന്നാട്ടിലെ മുസ്ലീം ചരിത്രത്തോളം പഴക്കമുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. പ്രാചീനമായ ഒട്ടേറെ ക്ഷേത്രങ്ങളും ഈ ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലകൊള്ളുന്നു. പ്രശസ്തമായ "കടവല്ലൂർ അന്യോന്യ" ത്തിന്റെ വേദിയും പ്രാചീന ക്ഷേത്ര വാസ്തുവിദ്യയ്ക്കു നിദർശനവുമായ കടവല്ലൂർ ശ്രീരാമക്ഷേത്രത്തിന്റെ ചുറ്റുമതിൽ അന്യം നിന്നുപോയ ഒരു പുരാതന വാസ്തുശില്പ കൗശലത്തിന്റെ വിസ്മയങ്ങളിലൊന്നാണ്. സിമന്റോ, കുമ്മായമോ ഉപയോഗിക്കാതെ കല്ലും വൃക്ഷലതാദികളുടെ നീരും പ്രത്യേക രീതിയിൽ കൂട്ടിയിണക്കി കെട്ടിയുയർത്തിയ ഈ മതിലിനു തൃശൂരിലെ വടക്കുന്നാഥൻ ക്ഷേത്രത്തേക്കാൾ ഉയരമുണ്ട്. ഓടുകൊണ്ടു നിർമ്മിച്ച ഈ ക്ഷേത്രത്തിന്റെ ദീപസ്തംഭം തദ്ദേശീയമായ മൂശാരിമാരുടെ കരകൗശല വൈദഗ്ദ്ധ്യത്തിനു നിദർശനമാണ്. ശ്രീകോവിലിന്റെ ഭിത്തിക്കു മുകളിലായി സ്ഥിതി ചെയ്യുന്ന ദാരുശില്പങ്ങളും ക്ഷേത്ര ഗോപുരവും ആരേയും ആകർഷിക്കും. ശില്പലാവണ്യം തികഞ്ഞ തിപ്പിലശ്ശേരി ത്രിച്ചൂടലയിൽ ക്ഷേത്രവും ചൊവ്വല്ലൂർ ക്ഷേത്രവും അതിന്റെ പടിഞ്ഞാറെ നടയിൽ സ്ഥാപിച്ചിട്ടുള്ള ഗജമസ്തകശില്പവും പുരാതന വാസ്തുവിദ്യയുടെ വിജയവൈജയന്തികളാണ്. എ.ഡി. 404-ൽ നിർമ്മിക്കപ്പെട്ട പ്രാചീനമായ മറ്റം ഫെറോന പള്ളിയും, മാതാവിന്റെ പള്ളിയും തീർത്ഥക്കിണറും ഈ ടൂറിസ്റ്റ് ഭൂപടത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രസിദ്ധങ്ങളായ കടവല്ലൂർ ശ്രീരാമക്ഷേത്രം, അരിയന്നൂർ ഹരികന്യക ക്ഷേത്രം, ചൂണ്ടൽ തായങ്കാവ് ക്ഷേത്രം, പെരുമല ക്ഷേത്രം, കേച്ചേരി പറപ്പൂക്കാവ് ക്ഷേത്രം, കാട്ടകാമ്പാൽ ചിറക്കൽ ഭഗവതി ക്ഷേത്രം, ആർത്താറ്റ് പഞ്ചായത്തിലെ പാർക്കാടി ഭഗവതി ക്ഷേത്രം എന്നീ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിൽ തിറ, പൂതൻ, കരിങ്കാലി, മുക്കോൻചാത്തൻ, ദാരികനും കാളിയും എന്നിവ കെട്ടിയാടുന്നു. കടവല്ലൂർ പഞ്ചായത്തിലെ കോട്ടോൽ ജുമാമസ്ജിദ്, കേച്ചേരി പട്ടിക്കര തടത്തിൽ ജുമാമസ്ജിദ്, ചൊവ്വന്നൂർ പഴുന്നാന ജുമാ മസ്ജിദ്, കാട്ടകാമ്പാൽ ചിറക്കൽ ജുമാമസ്ജിദ് തുടങ്ങി നിരവധി പള്ളികളും നിസ്കാരപള്ളികളും ബ്ലോക്ക് പഞ്ചായത്തിലുണ്ട്. ഇരുന്നൂറിലേറെ വർഷം പഴക്കമുള്ള പഴഞ്ഞി ഓർത്തഡോക്സ് പള്ളി, ഒരു നൂറ്റാണ്ടു പിന്നിട്ട പഴഞ്ഞി മാർത്തോമ്മ ഇമ്മാനുവേൽപള്ളി, ആർത്താറ്റ് പള്ളി, 75 വർഷം പിന്നിട്ട കല്ലുംപുറം പള്ളി, പോർക്കുളം പള്ളി തുടങ്ങി ധാരാളം ക്രൈസ്തവ ദേവാലയങ്ങളും കരിശുപള്ളികളും ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമങ്ങളിലായി ഉണ്ട്.

പരമ്പരാഗത രീതിയിൽ ശ്രുതി മധുരമായി പുള്ളുവൻപാട്ട് അവതരിപ്പിക്കുന്നതിൽ ചൂണ്ടൽ പുള്ളുവന്മാർ പണ്ടേ പ്രശസ്തരാണ്. ചൂണ്ടൽ ചെട്ടിയാന്മാരുടെ ചവിട്ടു നാടകവും പെരുമണ്ണ് ദേശക്കാരുടെ വില്ലടിച്ചാൽപാട്ടും പ്രസിദ്ധമാണ്. പഴയ തലമുറയിലെ കേളികേട്ട ഒരു നന്തുണ്ണിപാട്ട് കലാകാരനായിരുന്നു കടവല്ലൂർ പഞ്ചായത്തിലെ മണ്ണാൻ വേലപ്പൻ. പാണന്മാരുടെ തുകിലുണർത്തുപാട്ടും പെൺകി

ടാങ്ങളുടെ കൈകൊട്ടികളിയും നാട്ടകങ്ങളെ സജീവമാക്കിയിരുന്ന ഓണക്കാലങ്ങൾ ഓർമ്മ മാത്രമായി. ഹൈന്ദവ വിവാഹഘോഷയാത്രയുടെ മുൻനിരയിൽ അധികൃതരുടെ പരിചമുട്ടുകളി ചുവടുവെച്ചു നീങ്ങിയിരുന്ന ഒരു കാലം പഴമക്കാർ ഓർക്കുന്നുണ്ട്. പരിചമുട്ട് സംഘങ്ങൾ കടവല്ലൂരിലും മറ്റും ഇന്നുമുണ്ട്. ക്രൈസ്തവരുടെ മാർഗ്ഗംകളി അന്യം നിന്നുപോയി. പുലയരുടെ കാളകളി, കുതിരകളി, പെരുമണ്ണാൻ സമുദായക്കാരുടെ മണ്ണാൻപൂതം, പാണന്മാരുടെ നായാടിക്കളി എന്നിവയും ചില ഉത്സവങ്ങളിൽ പതിവുണ്ട്. പറയരുവേലയുടെ അന്ത്യത്തിൽ സ്ത്രീകൾ മുടിയാട്ട് നടത്തുന്ന സമ്പ്രദായം ഇന്നും നിലവിലുണ്ട്. ഞാറു നടുകയും പുല്ല് പറിക്കുകയും ചെയ്യുന്ന പണിക്കാരി പെണ്ണുങ്ങൾ പാടിയിരുന്ന വടക്കൻപാട്ടുകളുടെ തനതായ ഈണവും ഓർമ്മ മാത്രമാണിന്ന്. തേക്കുപാട്ടുകളും ഉഴവുപാട്ടുകളും സജീവമായിരുന്ന ഈ മേഖലയിൽ ഇന്ന് അവ അന്യം നിന്നുപോയിരിക്കുന്നു. അത്തപ്പൂക്കളമിടാൻ കയറിട്ട കൊച്ചുപൂവട്ടികളുമായി അലഞ്ഞിരുന്ന കുട്ടികളുടെ സംഘങ്ങൾ പാടിയിരുന്ന കറ്റക്കറ്റക്കയറിട്ടേ... കേൾക്കാറില്ല. മാപ്പിള കലകളായ ദഫ്മുട്ട്, അറബനമുട്ട്, മാപ്പിളപ്പാട്ട്, കളരി സംസ്ക്കാരത്തിന്റെ താളലയങ്ങൾ ചേർന്ന കോൽക്കളി, ഒപ്പന തുടങ്ങിയവ ബ്ലോക്ക് പഞ്ചായത്തിൽ വ്യാപകമായി കാണുന്നില്ലെങ്കിലും കുറ്റിയറ്റിട്ടില്ല. മാപ്പിള കളരിഗുരുക്കന്മാർ നിറഞ്ഞുനിന്ന ഓണത്തല്ല് പഴയക്കാലത്ത് പെരുമ്പിലാവിലും അരിയന്നൂർ കോളേജ് കുന്നിലും മറ്റും സാധാരണമായിരുന്നു. സിനിമ തുടങ്ങിയ വിനോദ മാധ്യമങ്ങൾ വിരളമായിരുന്ന അക്കാലത്ത് വിദൂരദേശങ്ങളിൽ നിന്നുപോലും എണ്ണമറ്റ പ്രേക്ഷകരെ ഈ കളിത്തല്ല് ആകർഷിച്ചിരുന്നു. പെരുമ്പിലാവ് ചന്ത ആരംഭിച്ച കാലത്ത് (1926) വിദൂര ദേശങ്ങളിൽ നിന്നും ജനങ്ങളെ അങ്ങോട്ട് ആകർഷിക്കുന്നതിനായി ആദ്യത്തെ ഏതാനും ആഴ്ചകളിൽ ചന്ത ദിവസങ്ങളിൽ പ്രശസ്ത ആശാന്മാർ പങ്കെടുത്ത കളിത്തല്ല് സംഘടിപ്പിച്ചിരുന്നതായി നാട്ടറിവുകൾ പറയുന്നു. ഉഴിച്ചിൽ, പിഴച്ചിൽ, ആയോധനകല എന്നിവയിൽ പ്രവീണരായിരുന്ന മുഹമ്മദീയ ഗുരുക്കളുടെ കുടുംബങ്ങൾ ഒറ്റപ്പിലാവിലും മറ്റും ഇന്നും ഉണ്ട്. ഇവരുടെ പൂർവ്വികരായ ഒറ്റപ്പിലാവ് ബാവവു ഗുരുക്കൾ, അബ്ദു ഗുരുക്കൾ, കുട്ടി ഹസ്സൻ ഗുരുക്കൾ, സെയ്തലവി ഗുരുക്കൾ എന്നിവർ ലോക പ്രശസ്തമായിരുന്ന കമല ത്രീറിംഗ് സർക്കസ്സിലെ കലാകാരന്മാരായിരുന്നു.

ചേറപ്പായി കഥകളിലൂടെ ശ്രദ്ധേയനായ അയ്പ് പാറമേൽ, പുരസ്കാരങ്ങൾ നേടിയ യുവകവി റഫീക്ക് അഹമ്മദ് എന്നിവർ പോർക്കുളം പഞ്ചായത്തിലെ അക്കിക്കാവ് നിവാസികളാണ്. പ്രശസ്ത കവിയും പത്ര പ്രവർത്തകനുമായ ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി കണ്ടാണശ്ശേരി പഞ്ചായത്തിന്റെ സംഭാവനയാണ്. ചാവേർപട എന്ന നാടകത്തിന്റെ രചയിതാവും ചലച്ചിത്ര സംവിധായകനും അക്കാദമി പുരസ്കാരം നേടിയയാളുമായ അസീസിന്റെ ജന്മദേശവും പെരുമ്പിലാവ് തന്നെ. പ്രശസ്ത ചിത്രകാരൻ സി.എൻ. പൊറിഞ്ചുകുട്ടി ചൂണ്ടൽ പഞ്ചായത്തിലെ ചെറനെല്ലൂർ നിവാസിയാണ്. നങ്ങ്യാർകൂത്ത്, കൂടിയാട്ടം തുടങ്ങിയ നിരവധി വേദികളിൽ പ്രശംസാർഹമായ വിധം അവതരിപ്പിച്ചിട്ടുള്ള കലാമണ്ഡലം ഗിരിജയുടെ ഇല്ലം കടവല്ലൂർ ക്ഷേത്രത്തിനു സമീപമാണ്. ചെണ്ടവാദ്യ വിദഗ്ദ്ധനായ കടവല്ലൂർ അച്യുതമാരാർ, തിമില വദഗ്ദ്ധനായ കടവല്ലൂർ ചന്ദ്രമാരാർ, മദ്ദള വിദഗ്ദ്ധനായ കടവല്ലൂർ ഗോവിന്ദൻ നായർ, ശങ്കുണ്ണി നായർ എന്നിവരും പ്രശസ്തരുടെ പട്ടികയിലുണ്ട്.

സർക്കസ് കലയുടെ ആചാര്യനും അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച കമല ത്രീറിംഗ് സർക്കസിന്റെ ഉടമയുമായ കണ്ടമ്പുള്ളി ബാലൻ ആർത്താറ്റ് പഞ്ചായത്തിന്റെ സംഭാവനയാകുന്നു. സർക്കസ് കല എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം കലയും വ്യവസായവും കൈക്കോർക്കുന്ന സർക്കസ് രംഗത്തെ കുറിച്ചുള്ള ഒരേയൊരു ആധികാരിക ഗ്രന്ഥമാണ്. ചലച്ചിത്ര നടനും ചിത്രകാരനും സാംസ്കാരിക പ്രവർത്തകനുമായ വി.കെ. ശ്രീരാമൻ, ആർത്താറ്റ് പഞ്ചായത്തിലെ ചെറുവത്താനിക്കാരനാണ്. കണ്ടാണശ്ശേരിക്കാരനായ ചലച്ചിത്ര സംവിധായകൻ പവിത്രനും ഈ ബ്ലോക്ക് പഞ്ചായത്തിന്റെ സംഭാവന തന്നെ. കോവിലന്റെ പ്രശസ്ത നോവലായ "തട്ടകം" ഒരളവോളം ഈ ഗ്രാമമേഖലയുടെ ഗതകാല ചരിത്രമാകുന്നു. മുഖ്യ പശ്ചാത്തലമായ കണ്ടാണശ്ശേരിയിലൊതുങ്ങാതെ, കേച്ചേരിയിലേക്കും പെരുമലയിലേക്കും കോടേരിക്കുന്നിലേക്കുമെല്ലാം അതു പടർന്നു കയറുന്നുണ്ട്. കഥാ സാഹിത്യത്തിലെ വടവൃക്ഷമായിരുന്ന സി.വി. ശ്രീരാമൻ ഈ ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണസമിതി പ്രസിഡന്റും കൂടിയായിരുന്നു. പ്രശസ്ത കവിയും വേദപഠനത്തിന് പ്രാമുഖ്യം നൽകിയിരുന്ന ആഢ്യഗൃഹങ്ങളും അക്ഷര കളരികളും ഒരു കാലത്ത് ഇവിടെ നിലനിന്നിരുന്നു. ഫ്യൂഡൽ കാഴ്ച, ആടിത്തളർന്നു വീണതോടെ സവർണ്ണകലകളായ കഥകളി, ചാക്യർക്കൂത്ത്, നങ്ങ്യാർകൂത്ത്, മോൽപ്പാവക്കൂത്ത്, കൂടിയാട്ടം എന്നിവയെല്ലാം ഇന്ന് വിസ്മൃതിയിലാണ്ടു കഴിഞ്ഞ മട്ടാണ്. പരമ്പരാഗത നാടൻ കലകൾ പലതും വിടപറഞ്ഞു കൊണ്ടിരിക്കുന്നു.

# പൗരാവകാശ രേഖ എന്ത്? എന്തിന്

**ലക്ഷ്യവും ഉള്ളടക്കവും**

ഈ സ്ഥാപനത്തിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്? സേവനങ്ങൾ ആർക്കെല്ലാം എപ്പോൾ, എങ്ങിനെ, എന്ത് നിബന്ധനകളുടെ അടിസ്ഥാനത്തിൽ, എത്ര ദിവസത്തിനുള്ളിൽ ലഭിക്കും. ഇതാണ് ഈ പൗരാവകാശരേഖയുടെ പ്രധാനമായ ഉള്ളടക്കം. ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും ലഭ്യമാക്കുക, സംശയങ്ങൾ ദൂരീകരിക്കുവാനുള്ള അവസരവും സന്ദർഭവും ഉണ്ടാക്കുക, ആരോടും പക്ഷപാതിത്വം കാണിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക, എപ്പോഴും ബന്ധപ്പെടാനും, സേവനങ്ങൾക്കായി സമീപിക്കാനുള്ള സേവിധാനം ഒരുക്കുക, പരാതികൾ പരിഹരിക്കുക, ഈ സ്ഥാപനത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്വവും സമർപ്പണവും വിശ്വാസവും എപ്പോഴും പാലിക്കുക, സ്ഥാപനവും ജനങ്ങളും തമ്മിൽ സൗഹാർദ്ദപരമായ ബന്ധം ഊട്ടി ഉറപ്പിക്കുക എന്നീ കാര്യങ്ങളാണ് സ്വാഭാവികമായും ഈ പൗരാവകാശ രേഖയിൽ വിവരിക്കുന്നത്. അർഹരായ എല്ലാവർക്കും പരാതികൾക്കിട നൽകാത്തവിധം സേവനങ്ങൾ നൽകാനുള്ള ഈ സ്ഥാപനത്തിന്റെ ബാദ്ധ്യത പൗരാവകാശ രേഖയിലൂടെ ഉറപ്പു വരുത്തുന്നു. ഭരണ സുതാര്യതക്കും കാര്യക്ഷമതക്കുമുള്ള ഒരു സാക്ഷ്യപത്രം കൂടിയാണ് പൗരാവകാശ രേഖ.

**സ്ഥാപനത്തിന്റെ ദർശനം, ദൗത്യം, കാഴ്ചപ്പാട്**

ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഭാഗമാണ് ഈ സ്ഥാപനം. പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നമനം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും, സ്ത്രീകളുടെയും, കുട്ടികളുടേയും ക്ഷേമം എന്നിവ ലക്ഷ്യമാക്കിയുള്ള കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സമഗ്ര വികസനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തുവരുന്നു. ഈ സ്ഥാപനത്തിന്റെ ദീർഘ ദൂരക്കാഴ്ചപ്പാടുകൾ, ലക്ഷ്യങ്ങൾ എന്നിവ താഴെ പറയുന്നവയാണ്.

- ഗ്രാമീണ സമ്പദ്ഘടനയുടെ വളർച്ചയും, വികസനവും.
- ദാരിദ്ര്യ നിർമ്മാർജ്ജനവും പ്രാദേശിക സാമ്പത്തിക വികസനവും.
- എല്ലാ ദരിദ്ര ജനവിഭാഗങ്ങൾക്കും തൊഴിലവസരങ്ങൾ
- എല്ലാ ദരിദ്ര ജന വിഭാഗങ്ങൾക്കും താമസയോഗ്യമായ വീട്.
- എല്ലാവർക്കും ആരോഗ്യ സുരക്ഷ, ശുചിത്വം, കുടിവെള്ളം.
- സമഗ്ര കാർഷിക വികസനം, നീർത്തട സംരക്ഷണം, ക്ഷീര വികസനം, മൃഗസംരക്ഷണം
- സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം.
- ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, ദുർബ്ബല ജനവിഭാഗങ്ങൾ, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ, അഗതികൾ, വൃദ്ധജനങ്ങൾ എന്നിവരുടെ സാമൂഹ്യ സുരക്ഷ.

കൂടാതെ പഞ്ചായത്തീരാജ് നിയമത്തിന്റെ 4-ാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുള്ള ചുമതലകൾ താഴെ പറയുന്നവയാണ്. ഇവയെ അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണവും ലക്ഷ്യങ്ങളിൽപ്പെടുന്നു.

**ഈ സ്ഥാപനത്തിന്റെ ഘടനയും പ്രധാന ചുമതലകളും**

പഞ്ചായത്തീരാജ് നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതിയാണ് ഈ സ്ഥാപനത്തിന്റെ ഭരണം നടത്തുന്നത്. അംഗങ്ങളും 8 ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടുമാരും അടങ്ങുന്നതാണ് ഭരണസമിതി. ഭരണ സമിതിയിലെ അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ചെയർമാൻമാരും, അംഗങ്ങളും ഉൾക്കൊള്ളുന്ന ധനകാര്യം, വികസന കാര്യം, ആരോഗ്യവും വിദ്യാഭ്യാസവും, ക്ഷേമ കാര്യം എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഭരണ സൗകര്യത്തിനായി രൂപീകരിച്ചിട്ടുണ്ട്. ജനറൽ കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും യോഗം ചേർന്നാണ് ഈ സ്ഥാപനത്തിന്റെ ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നത്. വിവിധ പദ്ധതികളുടെ ആസൂത്രണം, പദ്ധതി രൂപീകരണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ സ്വാഭാവികമായും ഭരണ ചുമതലകളിൽപ്പെടുന്നു. ഇവ കൂടാതെ വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളും മാർഗ്ഗരേഖകൾ അനുസരിച്ച് നിർവ്വഹണം നടത്തുന്നു. ഈ

ഭരണ സംവിധാനത്തിന്റെ മുഖ്യ ഘടകമാണ് ഉദ്യോഗസ്ഥ സംവിധാനം.

സെക്രട്ടറി & ബി.ഡി.ഒ. ആണ് സ്ഥാപനത്തിന്റെ മുഖ്യ ഉദ്യോഗസ്ഥൻ. താഴെ പറയുന്നവർ വിവിധ ചുമതലകൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരാണ്.

| | | |
|---|---|---|
| 1. | സെക്രട്ടറി & ബി.ഡി.ഒ. | - ഓഫീസ് മേധാവി |
| 2. | ജോയിന്റ് ബി.ഡി.ഒ. (EGS) | - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി |
| 3. | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | - ആസൂത്രണം, സമ്പാദ്യ പദ്ധതികൾ, കായികം, യുവജനക്ഷേമം, പദ്ധതി രൂപീകരണം, ശുചിത്വം. |
| 4. | എക്സ്റ്റൻഷൻ ഓഫീസർ (WW) | - വനിതാക്ഷേമം, സ്വയം തൊഴിൽ, സംരംഭങ്ങൾ, പി.എം.കെ.എസ്. വൈ., എം.കെ.എസ്.പി. പദ്ധതികൾ |
| 5. | എക്സ്റ്റഷൻ ഓഫീസർ (H) | - ഭവന നിർമ്മാണം |
| 6. | എക്സ്റ്റൻഷൻ ഓഫീസർ (P & M) | - പരിശീലനം, മോണിറ്ററിംഗ് |
| 7. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ | - പദ്ധതികളുടെ പഞ്ചായത്ത്തല നിർവ്വഹണം |

ഇവരെ കൂടാതെ ഹെഡ് ക്ലാർക്കിന്റെ നേതൃത്വത്തിൽ മിനിസ്റ്റീരിയൽ ജീവനക്കാരും സ്ഥാപനത്തിന്റെ ഭരണ സംവിധാനത്തിൽ ഉൾപ്പെടുന്നു.

**ഈ സ്ഥാപനത്തിലേക്ക് കൈമാറി കിട്ടിയ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| 1. | കൃഷി വകുപ്പ് | - അസി. ഡയറക്ടർ അനുബന്ധ തസ്തികകളും |
| 2. | വ്യവസായ വകുപ്പ് | - വ്യവസായ വികസന ഓഫീസർ |
| 3. | സാമൂഹ്യ ക്ഷേമ വകുപ്പ് | - ശിശുവികസന പദ്ധതി ഓഫീസർ |
| 4. | പട്ടികജാതി വികസനം | - ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ |
| 5. | പട്ടിക വർഗ്ഗ വികസന വകുപ്പ് | - ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 6. | ക്ഷീര വികസന വകുപ്പ് | - ക്ഷീര വികസന ആഫീസർ |
| 7. | തദ്ദേശഭരണ LSGD എഞ്ചി. വിഭാഗം | - എക്സി. എഞ്ചിനീയർ അനുബന്ധ തസ്തികകളും. |

## പ്രാദേശിക സാമ്പത്തിക വികസനം

ഓരോ വർഷവും സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതത്തിലൂടെ ലഭ്യമാക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇവ ഉപയോഗിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് പ്രാദേശിക വികസന പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുന്നത്.

വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭ, സ്റ്റേക്ക് ഹോൾഡേഴ്സ്, യോഗങ്ങൾ, പഞ്ചായത്ത് സമിതി എന്നിവ ചർച്ച ചെയ്താണ് പദ്ധതികൾക്ക് രൂപം നൽകുന്നത്.

ഉല്പാദന മേഖല, അടിസ്ഥാന സൗകര്യം, സേവന മേഖല എന്നിവക്കു സർക്കാർ മാനദണ്ഡ പ്രകാരം നിശ്ചിത തുക വകയിരുത്തിയാണ് പദ്ധതികൾ തയ്യാറാക്കുന്നത്. ഇത് ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്നതോടെ പദ്ധതികൾ നിർവ്വഹണം നടത്തുന്നു.

നിലവിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്തുവാൻ അനുവാദമില്ല. ഭവന നിർമ്മാണം, ശാരീരികമായും മാനസീകവുമായി വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കുള്ള പദ്ധതികൾക്ക് മാത്രം സർക്കാർ പ്രത്യേകം അനുവാദം നൽകിയിട്ടുണ്ട്. പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ താല്പര്യമുള്ള വ്യക്തിഗത സഹായ പദ്ധതികൾ ഒഴിച്ചുള്ള പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ പരിഗണനക്കായി പൊതുജനങ്ങൾക്ക് സമർപ്പിക്കാവുന്നതാണ്. കൃഷി, ചെറുകിട ജലസേചനം, ശുചിത്വം, ഖരമാലിന്യ നിർമ്മാർജ്ജനം, ശാരീരികവും മാനസീകവുമായി വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ, രണ്ട് ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്നിവ ഇവയിൽപ്പെടുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്ന പദ്ധതിയാണിത്.

***അർഹത***

- പഞ്ചായത്തിൽ സ്ഥിരതാമസമായിരിക്കണം
- 18 വയസ്സ് പൂർത്തിയായിരിക്കണം.
  ഉയർന്ന പ്രായപരിധിയില്ല.
  എ.പി.എൽ/ബി.പി.എൽ വ്യത്യാസം ഇല്ല.
- ഗ്രാമ പഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യണം.
- രജിസ്റ്റർ ചെയ്ത് 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകും.
- കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം.
- ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം.
- അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം, നഷ്ടപരിഹാരം എന്നിവക്ക് അർഹത.
- ആകെ തൊഴിലിന്റെ മൂന്നിൽ ഒരു ഭാഗം സ്ത്രീകൾക്ക്.
- ഒരു വർഷം ഒരു കുടുംബത്തിന് 100 ദിവസം തൊഴിൽ ഉറപ്പ്.
- താമസസ്ഥലത്തിന് 5 കിലോമീറ്ററിനുള്ളിൽ ജോലി. 5 കിലോമീറ്ററിന് പുറമേയാണെങ്കിൽ 10% അധികം കൂലി.
- തൊഴിലാളികൾക്കുള്ള വേതനം 7 മുതൽ 14 ദിവസത്തിനകം.
- കുടിവെള്ളം, തണൽ സൗകര്യം, പ്രഥമ ശുശ്രൂഷ, സൗകര്യം എന്നിവ പണിസ്ഥലത്ത്.
- വേതനം ബാങ്ക് അക്കൗണ്ട് മുഖേന
- പരിക്കു പറ്റിയാൽ ചികിത്സ സൗകര്യം
- മരണം/അംഗവൈകല്യം എന്നിവക്ക് ധനസഹായം
- 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് (കുറഞ്ഞത് 5 കുട്ടികൾക്ക്) ആയ.

## ബി.പി.ഒ. (ബ്ലോക്ക് പ്രോഗ്രാം ഓഫീസർ) മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾ

- റജിസ്ട്രേഷൻ നിഷേധിക്കൽ, തൊഴിൽ കാർഡ് ലഭിക്കാതിരിക്കൽ എന്നിവയിൽ നടപടി
- തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടി.
- കൃത്യ സമയത്ത് വേതനം ലഭിച്ചില്ലെങ്കിൽ അത് ലഭ്യമാക്കാനുള്ള തുടർ നടപടികൾ.
- ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തുന്നു.
- കാര്യക്ഷമമായ വിലയിരുത്തൽ
- സോഷ്യൽ ഓഡിറ്റ് നടത്തൽ
- പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ട ചുമതല.
- മാസ്റ്റർ റോൾ വിതരണം, മോണിറ്ററിംഗ്
- പദ്ധതി പ്രവർത്തികളുടെ കാര്യക്ഷമത, ഗുണനിലവാരം, തൊഴിലാളികളുടെ അവകാശങ്ങൾ, ഫണ്ട് ദുരുപയോഗം തടയൽ എന്നിവയിൽ ജാഗ്രതയോടെയുള്ള നിരീക്ഷണം.

ഗ്രാമപഞ്ചായത്തിൽ പരാതി നൽകി 7 ദിവസത്തിനുള്ളിൽ തീർപ്പായില്ലെങ്കിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് പരാതി നൽകാം. അതിൽ 7 ദിവസത്തിനുള്ളിൽ തീർപ്പുണ്ടാകും.

### മറ്റു സേവനങ്ങൾ

**ബി.പി.എൽ. സർട്ടിഫിക്കറ്റ്**

ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് ഈ സ്ഥാപനത്തിൽ നിന്നാണ്. ഇതിനായി വെള്ള കടലാസിൽ അപേക്ഷ നൽകുകയും അപേക്ഷയിൽ അപേക്ഷകൻ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപത്രം നൽകുകയും വേണം. അപേക്ഷിക്കുന്ന ദിവസം തന്നെ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

**ഇതര സാക്ഷ്യപത്രങ്ങൾ**

1. ഐ.എ.വൈ., പി.എം.എ.വൈ. ഗുണഭോക്താവാണെന്നുള്ള സർട്ടിഫിക്കറ്റ്.
2. ആനുകൂല്യങ്ങൾ നൽകിയതു സംബന്ധിച്ച സർട്ടിഫിക്കറ്റ്.

**സമ്പൂർണ്ണ ശുചിത്വം**

വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണത്തിന് ഐ.എ.വൈ. ധനസഹായത്തിനു പുറമേ തുക അനുവദിക്കുന്നുണ്ട്. ഇതിന് പ്രത്യേക അപേക്ഷ ആവശ്യമില്ല. വെർമി കംപോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, ടോയ്‌ലറ്റ്, കമ്മ്യൂണിറ്റി ടോയ്‌ലറ്റ് കോംപ്ലക്സ് എന്നിവയ്ക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ ബ്ലോക്കിൽ സ്വീകരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതികൾ അനുവദിക്കും.

**പരാതി പരിഹാര സംവിധാനം**

ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിലോ, ജീവനക്കാരുടെ നടപടികളിലോ, സേവനങ്ങളിലോ വീഴ്ച വരുന്ന പക്ഷം ആയത് പരാതി രൂപത്തിൽ രേഖാമൂലം ഉന്നയിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിനോ, സെക്രട്ടറിക്കോ പരാതി നൽകാവുന്നതാണ്. ടി. പരാതി പരിശോധിച്ച് വേണ്ട അന്വേഷണം നടത്തി നടപടി റിപ്പോർട്ട് സഹിതം അത് തൊട്ടടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ വച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

അടിയന്തിര നടപടി ആവശ്യമായ പരാതിയിൽ പ്രസിഡണ്ടിന്റെ അനുവാദത്തോടെ സത്വര നടപടികളും സ്വീകരിക്കാവുന്നതാണ്. പരാതിയിൽ എടുത്ത തീരുമാനം പരാതിക്കാരനെ രേഖാമൂലം അറിയിക്കും. ഇതിനായി പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

**വിവരാവകാശ നിയമം**

വിവരാവകാശ നിയമം അനുസരിച്ച് രേഖകളും വിവരണങ്ങളും ലഭിക്കുന്നതിന് 10 രൂപയുടെ ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതാണ്. ബ്ലോക്ക് സെക്രട്ടറി കൂടിയായ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെട്ടവർ അപേക്ഷ ഫീസ് അടക്കേണ്ടതില്ല. വിവരങ്ങൾ രേഖകൾ എന്നിവ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതാണ്.

പൊതുജനങ്ങൾക്ക് ഈ ഓഫീസിൽ നിന്നു ലഭിക്കേണ്ട സേവനങ്ങളിൽ വീഴ്ച വരുത്തുന്ന പക്ഷം രേഖാമൂലം പരാതി നൽകുന്നതിനു പുറമേ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ടും പരിഹാരം തേടാവുന്നതാണ്. കൂടാതെ സേവനങ്ങളെപ്പറ്റി എന്തെങ്കിലും സംശയമോ വിശദീകരണമോ ആവശ്യമെങ്കിൽ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്സിന്റെ വിലാസവും ഫോൺ നമ്പറും, ഇ മെയിൽ വിലാസവും താഴെ ചേർക്കുന്നു.

പ്രസിഡണ്ട്/സെക്രട്ടറി
ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
കാണിപ്പയ്യൂർ.പി.ഒ.
തൃശൂർ 680 517
കേരളം.

ഓഫീസ് ഫോൺ നമ്പർ : 04885 222670
പ്രസിഡണ്ട് ഫോൺ നമ്പർ : 8281040181
ഇ-മെയിൽ – cwrbdo@gmail.com

# പട്ടികജാതി വികസന ആഫീസ് ബ്ലോക്ക് പഞ്ചായത്ത് ചൊവ്വന്നൂർ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | SCDO | 1 |

## ആഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

### 1. ലംപ്സം ഗ്രാന്റ് നിരക്ക്

നേഴ്സറി സ്ക്കൂൾ (വകുപ്പിന്റെ നേഴ്സറി സ്ക്കൂളുകൾ മാത്രം) ............. 500 രൂപ
1 മുതൽ 4 വരെ ..........750വരെ
5 മുതൽ 7 വരെ .......... 900 രൂപ
8 മുതൽ 10 വരെ .......... 1000 രൂപ
1 വർഷം തോറ്റവർക്ക് പകുതി തുക

### 2. സ്റ്റൈപ്പന്റ്

വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ/ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നു.
1 മുതൽ 4 വരെ .......... 200 രൂപ
4 മുതൽ 7 വരെ .......... 200 രൂപ
8 മുതൽ 10 വരെ .......... 200 രൂപ

### 3. 9–10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര സഹായ പദ്ധതി)

| | *ഹോസ്റ്റലേഴ്സ്* | *ഡേ സ്കോളർ* |
|---|---|---|
| സ്കോളർഷിപ്പ് | 7000 | 3500 |

### 4. വൃത്തിഹിന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്രസഹായ പദ്ധതി)

ജാതി മത പരിഗണന കൂടാതെ നൽകുന്ന ഈ ആനുകൂല്യത്തിന്റെ നിരക്ക് ചുവടെ ചേർക്കുന്നു.
പ്രതിമാസ സ്റ്റൈപ്പന്റ് 1 മുതൽ 10 വരെ 225 രൂപ
അഡ്ഹോക് ഗ്രാന്റ് 750 രൂപ (ഡേ സ്കോളേഴ്സ്), ഹോസ്റ്റൽ അന്തേവാസികൾക്ക് 1000 രൂപ.

### 5. അൺ-എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീ റീംപേഴ്സ്മെന്റ്

അംഗീകൃത അൺഎയ്ഡഡ് സ്ക്കൂളുകളിൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി, മുർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ് റീ ഇംപേഴ്സ്മെന്റ് നൽകുന്നു

| | |
|---|---|
| എൽപി, യുപി | 1000 രൂപ |
| സ്പെഷ്യൽ ഫീസ് | 333 രൂപ |
| എച്ച്. എസ് ഫീസ് | 1500 രൂപ |
| സ്പെഷ്യൽ ഫീസ് | 500 രൂപ |

### 6. ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

4, 7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് യു.പി. വിഭാഗത്തിന് പ്രതിവർഷം 5000 രൂപയും, ഹൈസ്കൂൾ വിഭാഗത്തിന് പ്രതിവർഷം 5500 രൂപ വീതം സ്കോളർഷിപ്പ്. അപേക്ഷകൾ ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകുക. ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, ഗ്രേഡ് സർട്ടിഫിക്കറ്റുകൾ നിർബന്ധം. അപേക്ഷകരുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. 30000/- ത്തിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് 3000 അധികമായി ഒറ്റത്തവണ നൽകുന്നു.

### 7. പ്രത്യേക പ്രോത്സാഹന സമ്മാനം

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു.

### 8. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷക്ക് പ്രത്യേക പരിശീലനം

എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ / എഞ്ചിനീയറിംഗ് പരീക്ഷക്ക് ദീർഘകാല കോച്ചിംഗിന് 20000 രൂപ വരെ ധനസഹായം നൽകുന്നു.

### 9. പ്രൈമറി & സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്

1 മുതൽ 8 വരെ ക്ലാസ്സുകളിൽ സർക്കാർ / എയ്ഡഡ് സ്‌ക്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ വാങ്ങുന്നതിന് പഠന പ്രോത്സാഹനത്തിനായി 2000 രൂപ നൽകുന്നു.

### 10 വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം

യൂണിവേഴ്സിററികളുടെ കറസ്പോണ്ടൻസ് കോഴ്‌സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

### 11. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

പട്ടികജാതി / മുർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പാരൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നു. കൂടാതെ ട്യൂഷൻഫീസ്, പരീക്ഷ ഫീസ് എന്നിവ നൽകുന്നു.

## സാമ്പത്തിക വികസന പദ്ധതികൾ

### 1. സ്വയം തൊഴിൽ പദ്ധതി

വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പാ തുകയുടെ മൂന്നിലൊന്ന് സബ്സിഡി പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നു.

### 2. സ്വയംപര്യാപ്ത ഗ്രാമങ്ങൾ / അംബേദ്കർ ഗ്രാമങ്ങൾ

ഇരുപത്തിയഞ്ചോ അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന ഗ്രാമങ്ങളിൽ നടപ്പിലാക്കുന്ന സമഗ്രവികസന പദ്ധതി.

## സാമൂഹ്യക്ഷേമ പരിപാടി

### 1. വിവാഹ ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 125000 രൂപ വിവാഹധനസഹായമായി നൽകുന്നു.

### 2. മിശ്ര വിവാഹിതർക്ക് ധനസഹായം

മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെ തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75000 രൂപ വരെ ഗ്രാന്റായി നൽകുന്നു.

### 3. ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 375000, 450000, 600000 രൂപ ഗ്രാന്റായി അനുവദിക്കുന്നു.

### 4, ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി

ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീടു വെയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി. കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനും വീടു വെയ്ക്കുന്നതിനുമായി 11 ലക്ഷം രൂപ ഗ്രാന്റായി നൽകുന്നു.

### 5. പട്ടികജാതി വകുപ്പു മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസനിധി

മാരകരോഗങ്ങൾ ബാധിച്ചവും അത്യാഹിതങ്ങളിൽപ്പെടുന്നവരുമായ 100000 രൂപിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് ദുരിതാശ്വാസനിധിയിൽ നിന്ന് 50000 രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. ഗുരുതര രോഗങ്ങൾക്ക് 100000 രൂപ വരെ നൽകുന്നു.

### 6. വിജ്ഞാൻവാടി

പട്ടികജാതി വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സാഹയകരമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ.

### 7. വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള സാമ്പത്തികസഹായം

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

### 8. SAFE (Secure Accommodation and Facility Enhancement) പദ്ധതി

പട്ടികജാതി വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി ധനസഹായ തുക 2 ലക്ഷം രൂപ

# വ്യവസായ വികസന ഓഫീസ് ചൊവ്വന്നൂർ

**ലഘുവിവരണം**

വ്യവസായ വാണിജ്യ വകുപ്പിന്റെ ജില്ലാ ആസ്ഥാനമായ തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം. തൃശൂർ ജില്ലയിലെ 5 താലൂക്കുകളിലും ജില്ലാ വ്യവസായ കേന്ദ്രത്തിന് താലൂക്ക് വ്യവസായ ഓഫീസുകളുണ്ട്. തലപ്പിള്ളി താലൂക്ക് വ്യവസായ ഓഫീസ്സിലെ വ്യവസായ വികസന ഓഫീസർ, തിങ്കൾ, ബുധൻ ദിവസങ്ങളിൽ ചൊവ്വന്നൂർ ബ്ലോക്ക് ഓഫീസ് ആസ്ഥാനത്ത് ജോലി ചെയ്യുന്നു.

**ആഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ**

**I. താല്ക്കാലിക രജിസ്ട്രേഷൻ**

ഒരു സംരംഭകൻ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് തീരുമാനമെടുത്തു കഴിഞ്ഞാൽ താല്ക്കാലിക രജിസ്ട്രേഷന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ജില്ല വ്യവസായ കേന്ദ്രം/താലൂക്ക് വ്യവസായ ഓഫീസ് എന്നിവിടങ്ങളിൽ നൽകാം. ഈ രജിസ്ട്രേഷൻ എടുക്കുന്നതുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുന്നു.

1. ഇൻഡസ്ട്രിയൽ ഏരിയയിലോ, പ്ലോട്ടിലോ ഉള്ള സ്ഥലത്തിനോ, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഷെഡിനോ അപേക്ഷിക്കാം.
2. മറ്റ് ലൈസൻസുകൾ, ക്ലിയറൻസുകൾ, സർട്ടിഫിക്കറ്റുകൾ, പഞ്ചായത്ത് അനുമതി എന്നിവ നേടുന്നതിന് അപേക്ഷിക്കാം.
3. വൈദ്യുതി, വെള്ളം ഇവക്കുള്ള കണക്ഷന് അപേക്ഷിക്കാം.
4. ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ, ധനസഹായം ലഭിക്കുന്നതിന് അപേക്ഷിക്കാം.
5. വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ മറ്റ് നടപടികൾ എടുക്കുന്നതിന് അംഗീകാരങ്ങൾ നേടുന്നതിന് അപേക്ഷിക്കാം.

**II. സ്ഥിരം റജിസ്ട്രേഷൻ - ഉദ്യം രജിസ്ട്രേഷൻ**

ഉല്പാദനം ആരംഭിച്ചു കഴിഞ്ഞാൽ സംരംഭകന് സ്ഥിരം രജിസ്ട്രേഷനായി അപേക്ഷിക്കാവുന്നതാണ്. സ്ഥിരം രജിസ്ട്രേഷൻ നേടികഴിഞ്ഞാൽ സബ്സിഡിക്കും മറ്റ് ആനുകൂല്യങ്ങൾക്കും ജില്ലാ വ്യവസായ കേന്ദ്രത്തിൽ അപേക്ഷകൾ നൽകാവുന്നതാണ്.

# വ്യവസായ വകുപ്പിന്റെ പദ്ധതികളും സേവനങ്ങളും സംഭരംഭകത്വ പരിശീലനം

സ്വന്തമായി സംരംഭം തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് ബോധവൽകരണ - ക്യാമ്പുകളും ഹ്രസ്വകാല പരിശീലന പരിപാടികളും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു. പാജക്റ്റ് റിപ്പോർട്ട് ധനകാര്യ സ്ഥാപനങ്ങളുൽ നിന്ന് വായ്പ നേടുന്നതിനാവശ്യമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബ്ലോക്ക് വ്യവസായ വികസന ഓഫീസ്, താലൂക്ക് വ്യവസായ ഓഫീസ്, ജില്ലാ വ്യവസായ കേന്ദ്രം എന്നിവിടങ്ങളിൽ നിന്ന് ആവശ്യമായ് സഹായം നൽകുന്നു. വ്യവസായ പ്ലോട്ട് ഷെഡ് - പ്രൊജക്ടിന്റെ ആവശ്യാനുസരണം ലഭ്യതയനുസരിച്ച് വ്യവസായ വകുപ്പിന്റെ കീഴിൽ വ്യവസായ പ്ലോട്ടുകൾ, ബിൽഡ് അപ്പ് പേസ്, ബഹുനില വ്യവസായ സമുച്ചയങ്ങൾ, വ്യവസായ സമുച്ചയങ്ങൾ, വ്യവസായ ഷെഡുകൾ എന്നിവ ഹയർ പർച്ചേസ് വ്യവസ്ഥയിലോ ഒറ്റത്തവണ വ്യവസ്ഥയിലോ 30 വർഷത്തെ ലീസ് വ്യവസ്ഥയിലോ അനുവദിക്കാവുന്നതാണ്. സംരംഭം സഹായ പദ്ധതി എന്റർപ്രണർ (സപ്പോർട്ട് സ്കീം-ഇ.എസ്.എസ്) വ്യവസായ സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണ് ഇത്. വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും അത് നടത്തിക്കൊണ്ടിരിക്കുന്നവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ നിർമ്മാണ യൂണിറ്റുകൾക്കാണ് ഇത് നൽകുന്നത്. ഭൂമി കെട്ടിടം മെഷിനറികൾ ഉപകരണങ്ങൾ ഇലക്ട്രിഫിക്കേൻഷൻ ജനറേറ്റർ ഫർണിച്ചറുകൾ മലിനീകരണ നിയന്ത്രണ സാമഗ്രികൾ തുടങ്ങിയ ഇനങ്ങളിൽ വന്നിട്ടുള്ള സ്ഥിര നിക്ഷേപത്തെ അടിസ്ഥാനമാക്കിയാണ് ഈ ആനുകൂല്യങ്ങൾ നൽകുന്നത്. വിപണന സഹായങ്ങൾ തെരഞ്ഞെടുക്കപ്പെട്ട

സർക്കാർ സ്ഥാപനങ്ങളുടെ അഥവാ വകുപ്പുകളുടെ ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യം, കരുതൽ ധനം എന്നിവ ഒഴിവാക്കിക്കൊടുക്കുകയോ ഇളവ് നൽകുകയോ ചെയ്യുന്നു. ഇതിനായി - സ്റ്റോർ പർചേസ് വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം മുഖേന അപേക്ഷ നൽകണം. കൂടാതെ ഇവർക്ക് വ്യവസായ സൌജന്യ നിരക്കിൽ
വകുപ്പ് സംഘടിപ്പിക്കുന്ന മേളകളിൽ പങ്കെടുക്കാവുന്നതാണ്.

## മറ്റു പ്രധാന സേവനങ്ങൾ

1. സൂക്ഷമ ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പദ്ധതി
2. സംരംഭകർക്കായുള്ള ഗൈഡൻസ് സെൽ
3. സംരംഭകത്വ വികസന ക്ലബുകൾ
4. വെബ്സൈറ്റ്
5. ഫസിലിറ്റേഷൻ കൌൺസിൽ
6. വ്യവസായ കേരളം മാസിക
7. കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ
8. മിനി ബിസിനസ് ഇൻകുബേഷൻ സെന്റർ
9. ഉദ്യം രജിസ്ട്രേഷൻ
10. വ്യവസായ മിത്ര-വ്യവസായ പുനരുദ്ധാരണ പദ്ധതി
11. എം.എസ്.എം.ഇ ഇൻഷൂറൻസ് പദ്ധതി
12. ആഷ -അസിസ്റ്റൻസ് സ്കീം ഹാന്റി ക്രാഫ്റ്റ് ആർട്ടിസാൻസ്
13. വിപണി കണ്ടെത്തൽ എസ് എം ഇ പോർട്ടൽ
14. നാനോഹൌസ് ഹോൾഡ് എന്റർപ്രസ്
15. കൈത്തറി ചിത്രരചനാ മത്സരം
16. ഫാഷൻ ഷോ കൈത്തറി പ്രദർശനം
17. യുവവീവ്
18. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സഹായ പദ്ധതി
19. വീട്ടിൽ ഒരു തറി
20. പി.എം.ഇ.ജി.പി. പ്രധാൻ മന്ത്രി എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം
21. മുദ്ര യോജന ഒരുകോടി രൂപ വരെ വായ്പ നൽകുന്ന പദ്ധതി
22. പതിനാലു വകുപ്പുകളിലെ ലൈസൻസുകൾക്ക് ഒരൊറ്റ പ്ലാറ്റ്ഫോം
23. ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് PMFME പദ്ധതി (Formalisation of MicroFood Processing Enterprises Scheme)
24. OLOP (One Local Body One Product)
25. നാനോ & ഹൗസ്ഹോൾഡ് പദ്ധതികൾ പ്രകാരം പലിശ ഇളവ്
26. ബിസിനസ്സ് സംരംഭങ്ങൾക്ക് OFOE (One Family On Enterprise) പലിശ ഇളവ്

# PMAY(ഗ്രാമീണ) പദ്ധതി

## ദരിദ്ര ജനവിഭാഗങ്ങൾക്ക് പുതിയ ഭവനനിർമ്മാണത്തിനുള്ള ധനസഹായം

ആരോഗ്യവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യന്റെ ഏറ്റവും അനിവാര്യമായ ആവശ്യം പാർപ്പിടമാണ്. അതുകൊണ്ട്, എല്ലാവർക്കും പാർപ്പിടം എന്നത് സർക്കാരിന്റെ ഏറ്റവും വലിയ സ്വപ്നമാണ്. കഴിഞ്ഞ ആറു പതിറ്റാണ്ടുകളായി RLEGP, JRY, IAY, EMS ഭവനപദ്ധതി തുടങ്ങിയ പദ്ധതികൾ മുഖേന ലക്ഷക്കണക്കിന് പാവപ്പെട്ട കുടുംബങ്ങൾക്ക് വീടുവെച്ചു നൽകുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് 2022 നു മുമ്പ് എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ 1-4-2016 മുതൽ PMAY (ഗ്രാമീണ) എന്ന പദ്ധതി ആവിഷ്ക്കരിച്ചത്.

ഗുണഭോക്താക്കൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതി എന്ന നിലയിൽ ഭവനനിർമ്മാണ പദ്ധതികൾക്ക് വലിയ സ്വീകാര്യതയാണുള്ളത്. കേരളത്തിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള ലക്ഷക്കണക്കിന് കുടുംബങ്ങളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ള ഭവന പദ്ധതികളുടെ ഗുണഫലം, നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടുള്ളത്. 2015-16 വർഷം വരെ ഇന്ദിരാ ഭവനപദ്ധതി (IAY) എന്ന പേരിൽ നടപ്പാക്കി വന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതി, 2016-17 വർഷം മുതൽ പ്രധാനമന്ത്രി ആവാസ് യോജന (PMAY) എന്ന പേരിൽ കേന്ദ്രവിഹിതം കാര്യമായി വർദ്ധിപ്പിച്ച് നടപ്പിലാക്കുകയാണ്. സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് പൂർത്തീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ളത്. ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ എല്ലാ സ്വയംഭരണസ്ഥാപനങ്ങൾക്കും പങ്കാളിത്തമുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തുകളാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

## പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)യുടെ സവിശേഷതകൾ

### *ഉദ്ദേശലക്ഷ്യങ്ങൾ*

എല്ലാ ഭവനരഹിതർക്കും തീർത്തും മോശമായ ജീർണാവസ്ഥയിലുള്ള വീട്ടിൽ താമസിക്കുന്നവർക്കും 2022 ഓടെ അടിസ്ഥാനസൗകര്യങ്ങളുള്ളതും ഗുണനിലവാരം ഉള്ളതുമായ വീടുകൾ നൽകുക എന്നത് PMAYയുടെ ദീർഘകാലലക്ഷ്യം,

2018-19 ഓടെ മുകളിൽ പറഞ്ഞ ലക്ഷ്യവിഭാഗങ്ങൾക്കായി 1 കോടി ഗുണനിലവാരമുള്ള വീടുകൾ നിർമ്മിക്കുകയാണ് അടിയന്തിരലക്ഷ്യം.

### *PMAY (G) പ്രധാനസവിശേഷതകൾ*

1. 2016-17 മുതൽ 2018-19 വരെയുള്ള 3 വർഷകാലയളവിൽ ഗ്രാമപ്രദേശങ്ങളിൽ 1 കോടി വീടുകൾ നിർമ്മിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുക.
2. വീടിന്റെ വിസ്തീർണം നിലവിലുള്ള കുറഞ്ഞ വലിപ്പമായ 20 ച.മീറ്ററിൽ നിന്നും 25 ച.മീറ്ററായി വർദ്ധിപ്പിച്ചിരിക്കുന്നു. (വൃത്തിയുള്ള അടുക്കള ഉൾപ്പെടെ)
3. വീടുകൾക്കുള്ള ധനസഹായം നിരപ്പായ സ്ഥലങ്ങളിൽ നിലവിൽ നൽകുന്ന 70000 രൂപയിൽ നിന്നും 120000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
4. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ പ്രസ്തുത ധനസഹായ ചിലവ് വഹിക്കുന്നു.
5. PMAY(G) യിൽ നൽകുന്ന വീടുകൾക്ക് ആവശ്യമായ കക്കൂസുകൾ സംയോജനം വഴി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ന്റേയോ മഹാത്മാഗാന്ധി NREGA യുടെ ഭാഗമായോ ചെയ്യേണ്ടതാണ്.
6. ഓരോ വീടിനും ഉള്ള ധനസഹായത്തിനു പുറമെ മഹാത്മാഗാന്ധി NREGA പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അതിവിദഗ്ദ്ധ തൊഴിൽ നൽകേണ്ടതാണ്.
7. SECC 2011 അടിസ്ഥാന വിവരങ്ങളിൽ നിന്നും പാർപ്പിടമില്ലായ്മയുടേയും മറ്റു സാമൂഹ്യക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ ഗ്രാമസഭ പരിശോധിച്ച് കണ്ടെത്തുന്നു.
8. PMAY പദ്ധതി ലക്ഷ്യം നേടുന്നതിനായി ധനസഹായത്തിനു പുറമെ വീടു നിർമ്മാണത്തിന് സാങ്കേതിക പിന്തുണ നൽകുന്നതിനായി Nationa; Technica; Support Agency രൂപീകരിക്കുന്നു.
9. ഗുണഭോക്താവിന് ആവശ്യമുള്ളപക്ഷം 70000 രൂപ വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ നേടുന്നതിന് സഹായം ലഭ്യമാക്കാവുന്നതാണ്.
10. സാഹചര്യങ്ങൾക്കനുസരിച്ചുള്ള പ്രത്യേക ആവശ്യങ്ങളും അടിയന്തിര ആവശ്യങ്ങളും അടിസ്ഥാനപ്പെടുത്തി സ്പെഷ്യൽ പ്രോജക്ടുകൾ എംപവേഡ് കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി ങ്ങരഞ്ഞ ക്ക് അനുവദിക്കാവുന്നതാണ്.

11. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാദ്ധ്യതകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

12. ഗുണഭോക്താക്കൾക്ക് നൽകുന്ന എല്ലാ ധനസഹായവും ബാങ്ക് - പോസ്റ്റാഫീസ് എക്കൗണ്ടിലൂടെ മാത്രം നൽകേണ്ടതും പ്രസ്തുത എക്കൗണ്ടുകൾ ഗുണഭോക്താവിന്റെ ആധാർകാർഡുമായി ബന്ധപ്പെടുത്തേണ്ടതുമാണ്.

13. ഗുണഭോക്താക്കൾക്ക് പദ്ധതി സംബന്ധിച്ച് ആവശ്യമായ അവബോധം നൽകേണ്ടതാണ്.

14. പ്രാദേശികമായി ലഭ്യമായ, ഗുണമേന്മയുള്ള നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച്, അനുയോജ്യമായ രൂപകല്പനയോടും കൂടി, സാങ്കേതിക പരിജ്ഞാനമുള്ള മേസ്തിരിമാരുടെ സഹായത്തോടെ വീടുപണി പൂർത്തീകരിക്കുന്നതിന് അതീവശ്രദ്ധ ചെലുത്തേണ്ടതാണ്.

15. ഓരോ പഞ്ചായത്തിലും അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും വീടുകൾ ലഭ്യമാക്കുന്നതിനുള്ള രീതി സ്വീകരിക്കേണ്ടതും ഇതിനായി ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

## മിഷൻ അന്ത്യോദയ സർവേ

2017-18 ലെ കേന്ദ്രബജറ്റിൽ അംഗീകരിച്ച മിഷൻ അന്ത്യോദയ ഗ്രാമീണ മേഖലയുടെ വികസനത്തിനായി വിവിധ പരിപാടികൾക്ക് കീഴിൽ 27 മന്ത്രാലയങ്ങൾ/ഇന്ത്യാ ഗവൺമെന്റ് വകുപ്പ് അനുവദിച്ച വിഭവങ്ങളുടെ പരമാവധി ഉപയോഗവും മാനേജ്മെന്റും കൊണ്ടുവരാൻ ലക്ഷ്യമിടുന്ന ഒരു സംയോജനവും ഉത്തവാദിത്ത ചട്ടക്കൂടും ആണ്. ഒത്തുചേരൽ ശ്രമങ്ങളുടെ കേന്ദ്രബിന്ദുവായി ഇത് ഗ്രാമപഞ്ചായത്തുകളുമായി സംസ്ഥാനേതൃത്വത്തിലുള്ള സംരംഭമായി വിഭാവനം ചെയ്യുന്നു.

മിഷൻ അന്ത്യോദയ ചട്ടക്കൂടിന്റെ ഒരു പ്രധാനവശമാണ് രാജ്യത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിലെ വാർഷിക സർവേ. ഇത് പഞ്ചായത്ത്രാജ് മന്ത്രാലയത്തിന്റെ പീപ്പിൾസ് പ്ലാൻ കാമ്പെയ്നുമായി (പിപിസി) സഹകരിച്ചാണ് നടത്തുന്നത്. ഗ്രാമപഞ്ചായത്ത് വികസനപദ്ധതിക്ക് (ജിപിഡിപി) പങ്കാളിത്ത ആസൂത്രണപ്രക്രിയക്ക് പിന്തുണ നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഗ്രാമപഞ്ചായത്ത് തലത്തിലെ വികസനവിടവ് കണ്ടെത്തി പരിഹരിക്കുക എന്ന ലക്ഷ്യത്തിൽ കേരളത്തിൽ നടക്കുന്ന പ്രസ്തുത സർവേ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ് നടപ്പാക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ നിന്നും മറ്റു വകുപ്പുകളിൽ നിന്നും സാമ്പത്തികസ്ഥിതി വിവരക്കണക്ക് വകുപ്പിലെ ഇൻവെസ്റ്റിഗേറ്റർമാർ ശേഖരിക്കുന്ന വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റെൻഷൻ ഓഫീസർ (പി & എം) മുഖേന ഓൺലൈനായി സമർപ്പിക്കുകയും അതാത് വർഷം തന്നെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. പദ്ധതി ആസൂത്രണത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കേണ്ടതുണ്ട് എന്ന നിർദ്ദേശം നിലവിൽ സർക്കാർ നൽകിയിട്ടുമുണ്ട്.

## ഡീസെൻട്രലൈസേഷൻ റൗണ്ട് സർവേ

ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ അവലോകനം ചെയ്യുന്നതിനു നടപ്പാക്കുന്ന പ്രസ്തുത സർവേ സാമ്പത്തി സ്ഥിതി വിവരക്കണക്ക് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നു. ബ്ലോക്ക് പഞ്ചായത്തിലെ എക്സ്റ്റെൻഷൻ ഓഫീസർ (പി.&എം) നോഡൽ ഓഫീസറായി നടപ്പാക്കുന്ന സർവേ ഒന്നാം ഘട്ടമെന്ന നിലയിൽ ഗ്രാമപഞ്ചായത്തുകളുടേയും പിന്നീട് ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടേയും വിവരങ്ങൾ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. കഴിഞ്ഞ ഭരണസമിതിയുടെ കാലഘട്ടത്തിലെ വിവരങ്ങളാണ് ആദ്യം ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നത്. ഇതിനുശേഷം എല്ലാവർഷവും സാമ്പത്തിക ഭൗതിക നേട്ടങ്ങൾ അവലോകനം ചെയ്യുന്നതിന് പദ്ധതി ഉദ്ദേശിക്കുകയാണ്.

# ബ്ലോക്ക് പഞ്ചായത്ത്/ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് മുഖേന നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MGNREGS)

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമം അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങളുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനൊ/വ്യക്തിക്കൊ ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹിക പുരോഗതിയും സാമൂഹ്യ സമത്വവും ഉറപ്പാക്കുക. പ്രാദേശികമായ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക, സ്ത്രീ പുരുഷ അസമത്വം കുറയ്ക്കുക. തുല്യ ജോലിക്ക് തുല്യവേതനം നഗരങ്ങളിയേക്കുള്ള കുടിയേറ്റം തടയുക, ദരിദ്രജന വിഭാഗങ്ങളുടെ ആവാസ കേന്ദ്രങ്ങളുടെ പാരിസ്ഥിതിക ശോഷണം തടയുക, തൊഴിലെടുക്കുന്നവരിൽ സംഘബോധവും സാമൂഹിക ബോധവും സാമൂഹിക ബോധവും വളർത്തി കൂട്ടായ്മ ഉറപ്പുവരുത്തുക, ഇടത്തട്ടുകാരുടെയും കരാറുകാരുടേയും ചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുക തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സ്ഥായിയായ ദാരിദ്ര്യ ലഘൂകരണത്തിനുള്ള ഈ സാദ്ധ്യതകളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ മുൻകാല തൊഴിൽദാന പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

**സവിശേഷതകൾ**

മിനിമം കൂലി ഉറപ്പു നൽകുന്നു. പ്രവർത്തിയുടെ ആകെ ചെലവിൽ വേതനഘടകം 60% ൽ കുറയാൻ പാടില്ല. സാധന സാമഗ്രികളും വിദഗ്ദ്ധ-അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി അടക്കം 40 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. കരാറുകൾ പാടില്ല. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിയന്ത്രണം. വേതനത്തിന് ആനുപാതികമായി ആസ്തികൾ സൃഷ്ടിക്കണം. പദ്ധതി ആസൂത്രണത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മുഖ്യപങ്ക്. നിർവ്വഹണം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾ മുഖേന

**വ്യവസ്ഥകളും അവകാശങ്ങളും**

അവിദഗ്ദ്ധ കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും പഞ്ചായത്തിൽ സ്ഥിര താമസക്കാരുമായിരിക്കണം. 18 വയസ്സ് പൂർത്തിയായിരിക്കണം(ഉയർന്ന പ്രായപരിധിയോ എ.പി.എൽ/ബി.പി.എൽ വിവേചനമോ ഇല്ല)ഗ്രാമപഞ്ചായത്തിൽ റജിസ്ട്രേഷന് അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും. കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം. ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ. തൊഴിൽ നൽകികൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം. 7 ദിവസം കൂടുമ്പോൾ കൂലി പരമാവധി 14 ദിവസത്തിനകം അല്ലെങ്കിൽ 1936 ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട് അനുസരിച്ച് നഷ്ടപരിഹാരം. ആകെ തൊഴിലിന്റെ 1/3 സ്ത്രീകൾ. കുടുംബത്തിന് പരമാവധി 100 വിദവസം തൊഴിൽ. 5 കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10% അധികം കൂലി. കുടിക്കാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം. കുട്ടികളെ നോക്കാൻ ആയ, സ്ത്രീകൾക്ക് പ്രാഥമിക കാര്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യം. പരിക്ക് പറ്റിയാൽ സൗജന്യ ചികിത്സ. അപകട മരണം/സ്ഥിര അംഗവൈകല്യത്തിന് നഷ്ടപരിഹാരം തൊഴിലാളികളുടെ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിപാലന സൗകര്യം(കുറഞ്ഞത് 5 പേര്) കുട്ടികൾ തൊഴിൽ സ്ഥലത്തുവച്ച് അപകടം പറ്റിയാൽ സൗജന്യ ചികിത്സ.

**ഏറ്റെടുക്കേണ്ട പ്രവർത്തികളുടെ മുൻഗണനാക്രമം**

1. ജല സംരക്ഷണവും, മണ്ണ് സംരക്ഷണവും
2. വനവൽക്കരണവും, വരൾച്ച തടയലും,
3. ജലസേചന തേടുകൾ, കനാലുകൾ എന്നിവയെ അഭിവൃദ്ധിപ്പെടുത്തൽ
4. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ, ഐ. എ.ഐ. ഗുണഭോക്താക്കൾ

5. ഏക്കർവരെ ഭൂമിയുള്ള ചെറുകിട പരിമിത കർഷകർ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, ഹോർട്ടിക്കൾച്ചർ പ്ലാന്റേഷൻ മറ്റു വികസന പരിപാടികൾ.
6. കുളങ്ങൾ വൃത്തിയാക്കൽ മുതലായ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം 6. ഭൂവികസനം
7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റു സംരക്ഷണ പ്രവർത്തനങ്ങളും
8. ഗ്രാമങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏതു കാലാവസ്ഥയിലും സഞ്ചാരയോഗ്യമായ റോഡുകളുടെ നിർമ്മാണം(ആകെ പദ്ധതി ചെലവിന്റെ 10% ൽ അധികരിക്കാൻ പാടില്ല)
9. ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളിലെ പശ്ചാത്തല സൗകര്യ വികസനത്തിനായി യഥാക്രമം 25 ലക്ഷം
10. ലക്ഷം രൂപ വരെ ചെലവഴിച്ചുള്ള ഭാരത് നിർമ്മാൺ രാജീവ് രാജീവ് ഗാന്ധി സേവ കേന്ദ്ര നിർമ്മാണം
11. സംസ്ഥാന സർക്കാരുകളുമായുള്ള കൂടിയാലോചനകൾക്ക് ശേഷം കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ചെയ്ത മറ്റ് ഏത് ജോലിയും.

## സോഷ്യൽ ഓഡിറ്റ്

സോഷ്യൽ ഓഡിറ്റ് മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സംസ്ഥാനത്ത് ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിക്കാൻ 30.12.2015 തീയതിയിലെ ജിദ (റിട്ട) നമ്പർ 3906/2015 1 എൽഎസ്ജിഡി പ്രകാരം കേരള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തിരുവിതാംകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റിയുടെ ആക്റ്റ് 1955 പ്രകാരമാണ് സൊസൈറ്റി രജിസ്റ്റർ ചെയ്തിരിക്കുന്നത് (ജില്ലാ രജിസ്ട്രാർ, സഹകരണ സംഘങ്ങൾ, തിരുവനന്തപുരം, 31.01.2017 ലെ നമ്പർ ടിവിഎം ടിസി 1 123/2017).

സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (മഹാത്മാഗാന്ധി എൻആർജിഎ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി) എന്നത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലും 2011 ലെ ദേശീയ ഗ്രാമീണ തൊഴിൽ സാമൂഹിക ഓഡിറ്റ് നിയമങ്ങളിലും വിഭാവനം ചെയ്തിട്ടുള്ള സാമൂഹിക ഓഡിറ്റ്, പരിശീലനം, വിലയിരുത്തൽ, നിരീക്ഷണം, നിയന്ത്രണ സഹായം എന്നിവ നൽകുന്ന ഒരു യൂണിറ്റാണ്.

### മിഷൻ

ഓരോ ഗ്രാമപഞ്ചായത്തിലും നടപ്പാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ മഹാത്മാഗാന്ധി എൻആർഇജിഎസിന് കീഴിലുള്ള പൊതു ജാഗ്രതയും പ്രവർത്തനങ്ങളുടെ അളവും ഗുണനിലവാരവും സുതാര്യതയും സ്ഥിരീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് രൂപീകരിക്കുന്നത്.

### ലക്ഷ്യങ്ങൾ

മഹാത്മാഗാന്ധി എൻആർഇജിഎസിന്റെ ആസൂത്രണം, തീരുമാനമെടുക്കൽ, നടപ്പാക്കൽ, നിരീക്ഷണം, വിലയിരുത്തൽ എന്നിവയിൽ എല്ലാം പങ്കാളികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന്.

മഹാത്മാഗാന്ധി എൻആർഇജിഎസിന് കീഴിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ പൊതു ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പുവരുത്തുക, മഹാത്മാഗാന്ധി എൻആർജിഎയുമായി ബന്ധപ്പെട്ട നിയമങ്ങളും നയങ്ങളും.

വസ്തുതകളുടെ ക്രോസ് വെരിഫിക്കേഷനിലൂടെയും പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ചുമതലകളിലൂടെയും ഉത്തരവാദിത്തങ്ങളിലൂടെയും അന്വേഷിച്ച് ഒരു വസ്തുത കണ്ടെത്തൽ പ്രക്രിയ.

മഹാത്മാഗാന്ധി എൻആർഇജിയിലൂടെ കമ്മ്യൂണിറ്റി വികസനത്തിനായി ആളുകളുടെ പങ്കാളിത്തം ഉറപ്പാക്കുക

## മാനേജ്മെന്റ്

സൊസൈറ്റിയുടെ കാര്യങ്ങളുടെ നടത്തിപ്പ് ഭരണസമിതിക്കും സൊസൈറ്റി ഡയറക്ടർക്കും നൽകാനാണ് ഉദ്ദേശിക്കുന്നത്.

## നടത്തിപ്പ്

ആനുകാലികാടിസ്ഥാനത്തിൽ യൂണിറ്റിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിനും ആവശ്യമുള്ളപ്പോൾ ആവശ്യമായ ഉപദേശവും നിർദ്ദേശവും നൽകുന്നതിന് ടആഡ യുടെ ഭരണസമിതി ഉത്തരവാദിയായിരിക്കും.

## സമ്പൂർണ്ണ ശുചിത്വയജ്ഞം

ആയൂർദൈർഷ്യ വർദ്ധനവും കുറഞ്ഞ ശിശുമരണ നിരക്കും നമ്മുടെ ആരോഗ്യ രംഗത്തെ മികച്ച നേട്ടങ്ങലാണെങ്കിലും വർദ്ധിച്ച തോതിലുള്ള രോഗാതുരത ഈ നേട്ടങ്ങളെ നിഷ്പ്രദമാക്കുന്നു. ജലജന്യങ്ങളായ പകർച്ചവ്യാധികളിൽ നിന്നുള്ള മോചനത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും വലിയ പ്രാധാന്യമാണ് ഉള്ളത്. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സാനിറ്ററി കക്കൂസുകൾ നിർമ്മിക്കുക, കുടിവെള്ളം സുരക്ഷിതമായി കൈകാര്യം ചെയ്യുന്ന ഖര-ദ്രാവക മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം നടത്തുക, വ്യക്തിശുചിത്വം ഗൃഹശുചിത്വം സമൂഹ ശുചിത്വം ഇവ പാലിക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ ജലജന്യ രോഗങ്ങളിൽ നിന്നും സംസ്ഥാനത്തെ വിമുക്തമാക്കാൻ സാധിക്കുകയുള്ളൂ. ഈ സൗകര്യം സാക്ഷാൽക്കരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമ്പൂർണ്ണ ശുചിത്വം യജ്ഞം.

**പദ്ധതിയുടെ ഉദ്ദേശ്യങ്ങൽ താഴെ കൊടുക്കുന്നു**

1. ഗ്രാമീണ പൊതുജീവിത നിലവാരം ഉയർത്തുക
2. ഗ്രാമപ്രദേശങ്ങളിൽ ശുചിത്വ ആരോഗ്യ പരിപാടികൾ മെച്ചപ്പെടുത്തുക.
3. ബോധവത്കരണം, ആരോഗ്യ വിദ്യാഭ്യാസം എന്നിവ വഴി ശുചിത്വാരോഗ്യത്തിന്റെ ആവശ്യകത വളർത്തുക.
4. സ്കൂളുകളിൽ പ്രാഥമിക ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തുക. അതുവഴി ശുചിത്വശീലം കുട്ടികളിൽ വളർത്തുക.
5. ചെലവു കുറഞ്ഞ ആവശ്യാധിഷ്ഠിത സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുക.
6. ജലജന്യ ശുചിത്വത്തിന്റെ സ്വഭാവം കൊണ്ടുണ്ടാകുന്ന രോഗങ്ങൾ കുറയ്ക്കുക. ജില്ലാ സാനിറ്റേഷൻ സമിതി തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തല സമിതികളാണ്.

**തുടർപ്രവർത്തനങ്ങൾ**

1. പ്രചാരണ പ്രവർത്തനങ്ങൾ, ശുചിത്വാവശ്യങ്ങളുടെ അടിസ്ഥാന സ്ഥിതി വിവരശേഖരണം എന്നിവ വഴി ജില്ലയിലെ ആവശ്യം കണക്കാക്കി പ്രൊജക്റ്റുകൾ തയ്യാറാക്കുന്നു.
2. **ബോധവത്ക്കരണ പ്രചരണ പരിപാടി**
   ജനങ്ങളിൽ ആവശ്യകത സൃഷ്ടിക്കുക വഴി ശുചിത്വപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.
3. **ഗ്രാമീണ ഉത്പാദന വിതരണ കേന്ദ്രം**
   സാങ്കേതികമായും സാമ്പത്തികമായും അനുയോജ്യമായ ശുചിത്വ സൗകര്യങ്ങൾക്കുള്ള ഭൗതിക ഉപകരണങ്ങളും നൽകുകയാണ് ലക്ഷ്യം.
4. **വ്യക്തികൾക്ക് ഗാർഹിക കക്കൂസ്**
   ഗ്രാമപഞ്ചായത്തുകളിൽ കക്കൂസില്ലാത്ത കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇതിൽ നിന്ന് ഗ്രാമസഭ വഴി തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് 2500 രൂപ ധനസഹായം ലഭിക്കുന്നതാണ്.
5. **സമൂഹ ശുചിത്വ കക്കൂസ്**
   ജനവാസം കൂടിയ പ്രദേശങ്ങളിൽ ഓരോ കുടുംബത്തിനും പ്രത്യേകം കക്കൂസ് നിർമ്മിക്കുവാൻ സാധ്യമല്ലാതെ വരുമ്പോൾ ശുചിത്വ സമുച്ചയം നിർമ്മിക്കാവുന്നതാണ്. ഒരു യൂണിറ്റിന് പരമാവധി 2,00,000 രൂപ വരെ ഇതിനു ചിലവഴിക്കാവുന്നതാണ്.

**6. വിദ്യാലയ ശുചിത്വവും ആരോഗ്യ വിദ്യാഭ്യാസവും**

കുട്ടികൾ വഴി ശുചിത്വ സന്ദേശം കുടുംബങ്ങളിലേക്കും അവിടെ നിന്ന് സമൂഹത്തിലെത്തിക്കുകയുമാണ് ലക്ഷ്യം, ഓരോ വിദ്യാലയത്തിലും(സർക്കാർ) 20000 രൂപ വീതം ചെലവുള്ള ഓരോ സാനിറ്ററി യൂണിറ്റുകൾ നിർമ്മിക്കാവുന്നതാണ്. ഓരോ വിദ്യാലയത്തിലും അദ്ധ്യാപകരിൽ ഒരാൾ വീതം ശുചിത്വ വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്നു.

**7. അംഗൻവാടി ശുചിത്വം**

എല്ലാ അങ്കൻവാടികളിലും ശിശു സൗഹൃദ ടോയ്‌ലററുകൾ നിർമ്മിക്കുന്നതിനായി 5000 രൂ വരെ ചിലവാക്കുന്നതാണ്.

**8. ഭരണ ചെലവ്**

പരിശീലനം ശമ്പളം തുടങ്ങിയവയ്ക്കായുള്ള തുകയാണത്. ഇത് പരമാവധി പ്രോജക്ടിന്റെ 5% വരെ യാകാം.

**9. നിർമ്മൽ ഗ്രാമ പുരസ്കാർ**

പൂർണ്ണമായി സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന അവാർഡാണ് നിർമ്മൽ ഗ്രാമപുരസ്കാർ, ശ്ലാഘനീയമായ പ്രവർത്തനത്തിലൂടെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന് ഈ അവാർഡ് ലഭിക്കുകയുണ്ടായി.

## ദേശീയ സമ്പാദ്യ പദ്ധതി

ധനിക-ദരിദ്ര ഭേദമെന്യേ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഭാരതസർക്കാർ ആവിഷ്കരിച്ചിട്ടുള്ള മുഖ്യപരിപാടികളിൽ ഒന്നാണ് ദേശീയ സമ്പാദ്യ പദ്ധതി. ഈ പദ്ധതിയുടെ നടത്തിപ്പിൽ വികസന ബ്ലോക്കുകൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്. ഇതിനായി എം. പി. കെ.ബി.വൈ ഏജൻരുമാരായ അർപ്പണബോധമുള്ള ഒരു കൂട്ടം വനിതകൾ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. ഇവരുടെ നിയമനം പ്രവർത്തന മേൽനോട്ടം എന്നീ കാര്യങ്ങളിൽ ജനറൽ എക്സറ്റൻഷൻ ഓഫീസർ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറെ സഹായിക്കുന്നു. ബ്ലോക്കുകളിൽ വിവിധ നിക്ഷേപങ്ങളിലൂടെ സമ്പാദ്യം സ്വരൂപിക്കുന്നതിന് എസ്. എ. എസ്. ഏജന്റുമാരെയും നിയമിക്കുന്നുണ്ട്. ഇവരുടെ പ്രവർത്തന മേൽനോട്ടവും ബി.ഡി.ഒ. മാർക്കുണ്ട്. അഭ്യസ്ത വിദ്യരായ യുവതിയുവാക്കൾക്ക് തൊഴിൽ നൽകുക വഴി സമ്പാദ്യം സ്വരൂപിച്ച് രാഷ്ട്രത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കി നിക്ഷേപകർക്ക് സുരക്ഷിതത്വവും നൽകുന്നു. ഇപ്പോൾ ചൊവ്വന്നൂർ ബ്ലോക്കിൽ 43 എം. പി. കെ.ബി. വൈ. ഏജന്റുമാരും 20 എൻ. എ.എസ്. ഏജന്റുമാരും പ്രവർത്തിക്കുന്നുണ്ട്.

## വിവരാവകാശ നിയമം - 2005 (RTI Act 2005)

പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള വിവരാവകാശ നിയമം 2005 ഒക്ടോബർ 12 മുതൽ പ്രാബല്യത്തിൽ വന്നു. ഭരണഘടനാ പ്രകാരമോ ലോകസഭയുടെയോ നിയമസഭകളുടേയോ നിയം വഴിയോ സർക്കാർ വിജ്ഞാപനം വഴിയോ നിലവിൽ വന്നതോ രൂപീകരിക്കപ്പെട്ടതോ ആയ എല്ലാ അധികാരികളും സ്ഥാപനങ്ങളും സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിൽ സഹായധനം ലഭിക്കുന്ന സർക്കാർ ഇതര സംഘടനകളും ഈ നിയമത്തിന്റെ പരിധിയിൽ വരും. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സഹായധനം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ, പ്രമാണമോ രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം, രേഖയുടെയേ പ്രമാണത്തിന്റെയോ കുറിപ്പുകളോ സംക്ഷിപ്തമോ എടുക്കൽ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കൽ ഏതു പദാർത്ഥത്തിന്റെയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ കംപ്യൂട്ടറിലോ അതുപോലുള്ള മറ്റു ഇലക്ട്രോണിക് സംവിധാനങ്ങളിലോ ശേഖരിച്ചു വെച്ചിട്ടുള്ള വിവരങ്ങൾ പ്രിന്റ് ഔട്ടുകൾ, ഫ്ളോപ്പികൾ, ഡിസ്കുകൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ മുതലായ രൂപത്തിൽ പകർപ്പായി ലഭിക്കാനും ഏതൊരു പൗരനും അവകാശമുണ്ടെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

എല്ലാ സർക്കാർ ഓഫീസുകളിലും സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർമാരെയും അസിസ്റ്റന്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് വിവരം ലഭിക്കേണ്ടവർ 10 രൂപ ഫീസ് സഹിതം ബന്ധപ്പെട്ട പബ്ലിക് ഇൻഫോർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം. രേഖാമൂലമോ ഇലക്ട്രോണിക് മാധ്യമം വഴിയോ അപേക്ഷ നൽകാം. അപേക്ഷ എഴുതി നൽകാൻ കഴിയാത്ത വ്യക്തി പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തി അപേക്ഷ തയ്യാറാക്കുന്നതിന് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ സഹായിക്കണം. അപേക്ഷകൻ വിവരം തേടുന്നത് എന്തിനാണെന്ന് വെളിപ്പെടുത്തേണ്ടതില്ല. ബന്ധപ്പെടലിനുള്ള വിലാസം മാത്രമേ അപേക്ഷയിൽ കാണിക്കേണ്ടതുള്ളൂ. വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ അവ തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്ന പക്ഷം നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ അപേക്ഷകന് വിവരം നൽകണം. അസിസ്റ്റന്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ വഴി ലഭിച്ച അപേക്ഷയാണെങ്കിൽ 35 ദിവസത്തിനകം വിവരം നൽകിയാൽ മതി. എന്നാൽ വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ അത് 48 മണിക്കൂറിനകം നൽകിയിരിക്കണം. ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നില്ലെങ്കിലോ അപൂർണ്ണവും അവാസ്തവവുമായ വിവരമാണ് കിട്ടിയതെങ്കിലോ അക്കാര്യത്തിൽ പരാതിയുള്ള വ്യക്തിക്ക് അപ്പീൽ സംവിധാനവും നിയമത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. നിയമം അനുശാസിക്കും വിധം വിവരം നൽകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ ശിക്ഷണ നടപടികളും നിയമം വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാന ഇൻഫോർമേഷൻ കമ്മീഷനാണ് വിവരാവകാശ നിയമം നടപ്പിലാക്കുന്നതിനും അവയിടെ പരാതികൾ തീർപ്പാക്കുന്നതും ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമായ അധികാരസ്ഥാനം തിരുവനനന്തപുരം പുന്നൻ റോഡിലാണ് കമ്മീഷന്റെ ആസ്ഥാനം.

**വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകളുടെ വിവരം**

1. **വകുപ്പ് 7(1)**
   (എ) വിവരങ്ങൾ എ4 വലിപ്പത്തിലുള്ള പേപ്പറിൽ ലഭിക്കുന്നതിന് ഓരോ പേജിനും 2 രൂപ
   (ബി) വലിപ്പം കൂടുതലുള്ള പേപ്പറിൽ വിവരങ്ങൾ ലഭിക്കുന്നതിന് അതിനുള്ള യഥാർത്ഥ ചെലവ്
   (സി) സാമ്പിളുകളും മോഡലുകളും ലഭിക്കുന്നതിന് അതിനുള്ള യഥാർത്ഥ വില/ചെലവ്
   (ഡി) രേഖകളുടെ പരിശോധനയ്ക്ക് ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല.
   അതിനുശേഷമുള്ള ഓരോ 30 മിനിറ്റിനും അതിന്റെ അംശത്തിനും 10 രൂപ വീതം

2. **വകുപ്പ് 7(5)**
   (എ) സി. ഡി. ഫ്ളോപ്പി തുടങ്ങിയ ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന്
   (ബി) പ്രിന്റഡ് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന്(ഓരോ പേജിനും) 2 രൂപ

# അസിസ്റ്റന്റ് എക്സി.എഞ്ചിനീയറുടെ കാര്യാലയം

**1. ഈ ഓഫീസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും**

ഈ ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് നേരിട്ട് സേവനങ്ങൾ ഒന്നും നൽകിവരുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾ, കൂടാതെ എം.പി.യുടേയും, എൽ.എൽ.എ.യുടേയും പ്രത്യേക ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിക്കും, കേരള സർക്കാരിന്റെ ഫ്ളഡ് റിലീഫ് പ്രവൃത്തികൾ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റു ഡിപ്പാർട്ട്മെന്റ് വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുക, ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 8 പഞ്ചായത്തുകളുടെ (കടവല്ലൂർ, കാട്ടകാമ്പാൽ, പോർക്കുളം, കടങ്ങോട്, ചൊവ്വന്നൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, വേലൂർ) ഈ മേഖലയിലുള്ള പദ്ധതികൾ അംഗീകരിക്കുക, സാങ്കേതികാനുമതി നൽകുക, പ്രവൃത്തിയുടെ പരിശോധന അളവുകൾ രേഖപ്പെടുത്തുകയും ബിൽ അംഗീകരിച്ചു കൊടുക്കുകയും ഈ ഓഫീസിന്റെ പരിധിയിൽ വരുന്നതാണ്.

**2. ഓഫീസ് ഘടന സംബന്ധിച്ച വിവരങ്ങൾ**

ബ്ലോക്ക് പഞ്ചായത്തിൽ എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ പ്രവർത്തിക്കുന്നു. ഓഫീസ് മേധാവിയായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, ഒരു അസിസ്റ്റന്റ് എഞ്ചിനീയറും, ഒരു ഒന്നാം തരം ഓവർസീയററും, ഒരു രണ്ടാംതരം ഓവർസീയറും, ഒരു ക്ലാർക്ക്, ഒരു ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അറ്റന്റ്, ഒരു ഡ്രൈവർ എന്നിങ്ങനെയുള്ള ഉദ്യോഗസ്ഥ തസ്തികകൾ നിലവിലുള്ളതുമാണ്.

# കൃഷി അസിസ്റ്റന്റ് ഡയറക്ടർ - ഓഫീസ്

**ഓഫീസ് ഘടന സംബന്ധിച്ച വിവരങ്ങൾ**

| | | | |
|---|---|---|---|
| 1. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | – | 1 |
| 2. | ക്ലാർക്ക് | – | 2 |
| 3. | പി.റ്റി.എസ്. | – | 1 |

**കോൺട്രാക്ട് സ്റ്റാഫ് - ഓഫീസ്**

| | | | |
|---|---|---|---|
| 1. | ആത്മ പദ്ധതി | – | 2 |
| 2. | എസ്.എച്ച്.എം. പദ്ധതി | – | 1 |
| 3. | പച്ചക്കറി പദ്ധതി | – | 1 |
| 4. | സി.എച്ച്.എം. പദ്ധതി | – | 1 |

| | | |
|---|---|---|
| **കൃഷി ഭവനുകൾ** | **–** | **10** |
| കൃഷി ഓഫീസർമാർ | – | 10 |
| കൃഷി അസിസ്റ്റന്റുമാർ | – | 26 |
| പി.റ്റി.എസ്. | – | 7 |
| കാഷ്വൽ സ്വീപ്പർ | – | 3 |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹതാ മാനദണ്ഡം | എങ്ങിനെ/എവിടെ അപേക്ഷിക്കണം | അപേക്ഷാ ഫീസ് | സേവനം പ്രദാനം ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1. | മണ്ണു പരിശോധന (കൃഷി ഭവൻ) | കൃഷിഭവൻ പരിധിയിൽ കൃഷി ചെയ്യുന്ന കർഷകർ | ശാസ്ത്രീയമായി തയ്യാറാക്കിയ മണ്ണു സാമ്പിളുകളും അപേക്ഷയും കൃഷി ഭവനിൽ നൽകുക. | ഇല്ല | മണ്ണു പരിശോധനാ ലാബിൽ നിന്ന് പരിശോധനാ റിപ്പോർട്ട് 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കും | കൃഷി ഓഫീസർ/ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 2. (a) | മണ്ണു പരിശോധന (കർഷകർ നേരിട്ട് ലാബിൽ നൽകുമ്പോൾ | കർഷകർ | മണ്ണു സാമ്പിളും അപേക്ഷയും ജില്ലാതല മണ്ണ് പരിശോധനാ ലാബിൽ നൽകുക. | 40 രൂപ | 3 ദിവസം | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| (b) | സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെ | | | 160 രൂപ | | | |
| 3. | സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാല | കർഷകർ | മണ്ണു സാമ്പിളും അപേക്ഷയും സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാല സംഘടിപ്പിക്കുന്ന ക്യാമ്പയിനിൽ നേരിട്ട് നൽകുക | ഇല്ല | ക്യാമ്പയിൻ ദിവസം രാവിലെ തന്നെ നൽകുന്ന 50 സാമ്പിളുകളുടെ പരിശോധനാ ഫലം അന്നേദിവസം വൈകീട്ടും ബാക്കിയുള്ളവ 7 ദിവസത്തിനുള്ളിലും നൽകും | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 4. | കാർഷിക യന്ത്രങ്ങൾ വാടകയ്ക്ക് ലഭ്യമാക്കൽ | കർഷകർ/കർഷക തൊഴിലാളികൾ | അപേക്ഷ ജില്ലാ പഞ്ചായത്തിൽ സമർപ്പിക്കണം | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന നിരക്കുകൾ | യന്ത്രങ്ങളുടെ ലഭ്യതയനുസരിച്ച് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹതാ മാനദണ്ഡം | എങ്ങിനെ/എവിടെ അപേക്ഷിക്കണം | അപേക്ഷാ ഫീസ് | സേവനം പ്രദാനം ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 5. | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് | (1) കർഷകർ<br>(2) കൃഷി ചെയ്യുന്ന പുരയിടത്തിൽ ഇൻഷ്വർ ചെയ്യാൻ ഉദ്ദേശിക്കുന്ന വിളകൾ മുഴുവനായി ഉൾപ്പെടുത്തണം. | നിശ്ചിത ഫോറത്തിൽ അപേക്ഷയും കരം തീർത്ത രസീതിന്റെ പകർപ്പും കൃഷി ഭവനിൽ സമർപ്പിക്കുക. | വിളകൾക്ക് അനുസരിച്ചുള്ള നിശ്ചിത പ്രീമിയം തുക | പ്രീമിയം തുക അടച്ച് ഒരു മാസത്തിനുള്ളിൽ പോളിസി ഡോക്യുമെന്റ് നൽകുന്നതാണ്. എന്നിരുന്നാലും 7 ദിവസത്തിനു ശേഷം ഇൻഷ്വറൻസ് കവറേജ് ലഭ്യമായി തുടങ്ങും. | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ/പ്രിൻസിപ്പൽ കൃഷി ഓഫീസർ കൃഷി ഡയറക്ടർ |
| 6. | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത വിളയ്ക്ക് വിള നാശത്തിനുള്ള ആനുകൂല്യം | (1) വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിരിക്കണം.<br>(2) പ്രകൃതിക്ഷോഭം/ വന്യ മൃഗങ്ങളുടെ ആക്രമണം കാരണം വിളനാശം സംഭവിച്ച് 15 ദിവസത്തിനകം അപേക്ഷ നൽകണം. | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ കൃഷി ഭവനിൽ സമർപ്പിക്കുക. | ഇല്ല | (1) കൃഷി ഭവനിൽ പ്രീമിയം തുക അടച്ച് ഏഴ് ദിവസത്തിന് ശേഷം ഇൻഷ്വർ ചെയ്ത കാലയളവിനകം വിളനാശം സംഭവിച്ചാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.<br>(2) ക്ലെയിമിന്റെ സ്വഭാവമനുസരിച്ച് പരമാവധി 3 മാസത്തിനകം ആനുകൂല്യം ലഭ്യമാക്കും. | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ/പ്രിൻസിപ്പൽ കൃഷി ഓഫീസർ കൃഷി ഡയറക്ടർ |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹതാ മാനദണ്ഡം | എങ്ങിനെ/എവിടെ അപേക്ഷിക്കണം | അപേക്ഷാ ഫീസ് | സേവനം പ്രദാനം ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 7. | പ്രകൃതി ക്ഷോഭം കാരണം വിളനാശത്തിനുള്ള ആനുകൂല്യം ലഭിക്കുന്നതിന് | പ്രകൃതി ക്ഷോഭം മൂലം വിളനാശം സംഭവിച്ച കൃഷി ഭവൻ പരിധിയിലുള്ള കർഷകർ | വിളനാശം സംഭവിച്ച് 10 ദിവസത്തിനകം അപേക്ഷയും കരം തീർത്ത രസീതിന്റെ പകർപ്പും കൃഷി ഭവനിൽ നൽകണം | ഇല്ല | ആനുകൂല്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ കർഷകർക്ക് നൽകുന്നു. | കൃഷി ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 8. | ശാസ്ത്രീയ കൃഷി രീതികൾ, വിള പരിചരണം തുടങ്ങിയവ സംബന്ധിച്ച് ഉപദേശങ്ങൾ | കർഷകർ | പ്രത്യേകം അപേക്ഷാ ഫാറം ഇല്ല. കൃഷി ഭവനിലെ ഉദ്യോഗസ്ഥരെ സമീപിച്ച് പ്രശ്നത്തെക്കുറിച്ച് നേരിട്ട് ചർച്ച ചെയ്യുക. | ഇല്ല | കൃഷി ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി നിർദ്ദേശങ്ങൾ എത്രയും വേഗം നൽകുന്നു. | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 9. | കാർഷിക പരിശീലനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭിക്കുന്നതിന് | കർഷകർ | പ്രത്യേകം അപേക്ഷാ ഫാറം ഇല്ല. കൃഷി ഭവനിൽ നേരിട്ട് സമീപിക്കുക. | ഇല്ല | ആവശ്യപ്പെടുന്ന വിവരങ്ങൾ ഉടൻ നൽകുന്നു. വിശദ വിവരങ്ങൾ കൃഷി ഭവനിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിരിക്കും. | കൃഷി ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 10. | വിത്ത്, നടീൽ വസ്തുക്കൾ, കീടനാശിനികൾ, വളങ്ങൾ തുടങ്ങിയ ഉൽപ്പദനോപാധികളുടെ ലഭ്യതയെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിന് | കർഷകർ | പ്രത്യേക അപേക്ഷാ ഫോറം ഇല്ല. കൃഷി ഭവനിൽ നേരിട്ട് സമീപിക്കുക. | ഇല്ല | ആവശ്യപ്പെടുന്ന വിവരങ്ങൾ ഉടൻ നൽകുന്നു. വിശദ വിവരങ്ങൾ കൃഷി ഭവനിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിരിക്കും. | കൃഷി ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹതാ മാനദണ്ഡം | എങ്ങിനെ/എവിടെ അപേക്ഷിക്കണം | അപേക്ഷാ ഫീസ് | സേവനം പ്രദാനം ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 11. | വിത്ത്, നടീൽ വസ്തുക്കൾ, മറ്റ് ഉൽപ്പാദനോപാധികൾ എന്നിവയുടെ വില്പന | കർഷകർ/പൊതുജനങ്ങൾ | അപേക്ഷാ ഫോറം ഇല്ല. നേരിട്ട് കൃഷി ഭവൻ/ഫാമുകൾ സന്ദർശിച്ച് വാങ്ങുക. | സർക്കാർ നിശ്ചയിക്കുന്ന വില വിവരം കൃഷി ഭവൻ/ഫാം ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്. | ലഭ്യതയുടെ അടിസ്ഥാനത്തിൽ നൽകുന്നു. | കൃഷി ഓഫീസർ/ ഫാം സൂപ്രണ്ട് | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) |
| 12. | ജലസേചനത്തിനാവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്. | കൃഷി ഭവൻ പരിധിയിൽ സ്വന്തമായി 25 സെന്റ് എങ്കിലും കൃഷിയുള്ള കിണർ, കുളം, പമ്പ് സെറ്റ്, പമ്പ് ഹൗസ് എന്നിവ സ്ഥാപിച്ചിട്ടുള്ള കർഷകർ | (1) നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ, കരം തീർത്ത രസീതിന്റെ പകർപ്പ് എന്നിവ കൃഷി ഭവനിൽ സമർപ്പിക്കുക. | ഇല്ല | 5 ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകുന്നു | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 13. | ജലസേചനത്തിനാവശ്യത്തിന് വൈദ്യുതി സൗജന്യ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന്. | ജലസേചനത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ള കൃഷി ഭവൻ പരിധിയിലെ കർഷകർ | (1) നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ, കരം തീർത്ത രസീതിന്റെ പകർപ്പ് ഇവ കൃഷി ഭവനിൽ നൽകുക. | ഇല്ല | തെരഞ്ഞെടുക്കപ്പെടുന്നവരുടെ വൈദ്യുതി ചാർജ്ജ് കൃഷി വകുപ്പിൽ നിന്ന് നേരിട്ട് വൈദ്യുതി ബോർഡിൽ അടയ്ക്കുന്നു. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി ഡയറക്ടർ |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹതാ മാനദണ്ഡം | എങ്ങിനെ/എവിടെ അപേക്ഷിക്കണം | അപേക്ഷാ ഫീസ് | സേവനം പ്രദാനം ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 14. | ജലസേചനത്തിനുള്ള വെള്ളം പരിശോധിക്കുന്നതിന് | കർഷകർ | സാമ്പിളുകൾ നേരിട്ട് കൃഷി വകുപ്പിന്റെ മണ്ണ് പരിശോധനാ ലാബിൽ നൽകുക. | ഇല്ല | 3 ദിവസത്തിനകം പരിശോധനാ റിപ്പോർട്ട് നൽകുന്നു | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 15. | സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് | പദ്ധതിയിൽ നിശ്ചയിക്കപ്പെട്ട വിധം | അപേക്ഷയും കരം തീർത്ത രസീതിന്റെ പകർപ്പും കൃഷി ഭവനിൽ നൽകുക. | ഇല്ല | പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നതുപ്രകാരം വിശദവിവരം കൃഷി ഭവനിൽ പ്രദർശിപ്പിക്കും. | കൃഷി ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 16. | തദ്ദേശ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് | പ്രോജക്ടിൽ നിശ്ചയിക്കുന്നതനുസരിച്ച് ഗുണഭോക്താക്കളെ ഗ്രാമസഭകളിലൂടെ/ വാർഡ് സഭകളിലൂടെ തെരഞ്ഞെടുക്കുന്നു. | നിർദ്ദിഷ്ട ഫോറത്തിലെ അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ/ ഗ്രാമസഭയിൽ/ വാർഡ് സഭയിൽ നൽകുക. | ഇല്ല | പ്രോജക്ടിൽ വ്യവസ്ഥ ചെയ്യുന്നതു പ്രകാരം | നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത്: കൃഷി ഓഫീസർ ബ്ലോക്ക് പഞ്ചായത്ത്: കൃഷി അസിസ്റ്റന്റ് ഡയറക്ടർ ജില്ലാ പഞ്ചായത്ത് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്.വൈ.പി., സി., ഡബ്ല്യൂ.എം.) മുനിസിപ്പാലിറ്റി: കൃഷി ഫീൽഡ് ഓഫീസർ കോർപ്പറേഷൻ : കൃഷി ഡെപ്യൂട്ടി ഡയറക്ടർ (സി) | തദ്ദേശ സ്വയം ഭരണ സ്ഥാപനം |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹതാ മാനദണ്ഡം | എങ്ങിനെ/എവിടെ അപേക്ഷിക്കണം | അപേക്ഷാ ഫീസ് | സേവനം പ്രദാനം ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 17. | നഴ്സറികൾ ആരംഭിക്കുന്നതിന് | കൃഷി ശാസ്ത്രത്തിൽ ബിരുദമോ/ കൃഷി ശാസ്ത്രം വിഷയമായി വൊക്കേഷണൽ ഹയർ സെക്കന്ററിയോ പാസ്സായ ആളിന്റെ സേവനം ലഭ്യമായിരിക്കണം. നഴ്സറി തുടങ്ങുന്നതിനാവശ്യമായ സ്ഥലവും മാതൃസസ്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണം. | അപേക്ഷയും കരം തീർത്ത രസീതിന്റെ പകർപ്പും നഴ്സറിയുടെ മറ്റ് വിശദാംശങ്ങളും കൃഷി ഭവനിൽ നൽകുക. | 750 രൂപ | അപേക്ഷ കൃഷി ഓഫീസർ പരിശോധിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകുന്നു. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ശുപാർശ പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസർ ലൈസൻസ് അനുവദിക്കുന്നു. പരമാവധി 3 മാസം | പ്രിൻസിപ്പൽ കൃഷി ഓഫീസർ | കൃഷി ഡയറക്ടർ |
| 18. | കൂട്ടുരാസവളം/ജീവാണുവളം എന്നിവയുടെ നിർമ്മാണ ലൈസൻസ് | പ്രത്യേകമായി ചേർത്തിരിക്കുന്നു (പേജ് 14) | നിർദ്ദിഷ്ട ഫോറത്തിൽ കൃഷി ഭവനിൽ സമർപ്പിക്കുക. | 750 രൂപ | 45 ദിവസത്തിനകം കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) നൽകുന്നു. | കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) | കൃഷി ഡയറക്ടർ |
| 19. | കൂട്ടുരാസവളം/ ജീവാണുവളം/രാസവളം എന്നിവയുടെ ജില്ലാതല മൊത്തവിതരണത്തിനുള്ള ലൈസൻസ് | പ്രത്യേകമായി ചേർത്തിരിക്കുന്നു (പേജ് 15) | നിർദ്ദിഷ്ട ഫോറത്തിൽ കൃഷി ഭവനിൽ സമർപ്പിക്കുക. | 450 രൂപ | 30 ദിവസത്തിനകം ജില്ലാ ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E & T) നൽകുന്നു. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E & T) | പ്രിൻസിപ്പൽ കൃഷി ഓഫീസർ |

# ഐ.സി.ഡി.എസ്. ചൊവ്വന്നൂർ

**ഓഫീസ് ഘടന**

| | |
|---|---|
| അനുവദിക്കപ്പെട്ട തസ്തികകൾ | |
| ശിശുവികസന പദ്ധതി ഓഫീസർ | 1 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 |
| ക്ലാർക്ക് | 1 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| ഡ്രൈവർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

ശിശുവികസന പദ്ധതി ഓഫീസർ ബ്ലോക്ക് പഞ്ചായത്തിന്റെയും ഐ.സി.ഡി.എസ്. സൂപ്പർവൈസർ ചുമതല വഹിക്കുന്ന പഞ്ചായത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരാണ്.

**ഐ.സി.എസ്. ഓഫീസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും**

| ക്രമനമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | അർഹതാ മാനദണ്ഡം | |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാരം<br>ആരോഗ്യ പരിശോധന<br>റഫറൽ സർവ്വീസസ്<br>ആരോഗ്യ പ്രതിരോധ കുത്തിവെപ്പ്<br>ആരോഗ്യ പോഷണ വിദ്യാഭ്യാസം | 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ<br>ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ.<br>കൗമാരപ്രായക്കാരായ പെൺകുട്ടികൾ | ഗുണഭോക്താക്കൾ അവർ താമസിക്കുന്ന ഏരിയയിലെ അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. |
| 2 | അനൗപചാരിക പ്രീ. പ്രൈമറി വിദ്യാഭ്യാസം | 3 വയസ്സു മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ | |
| 3 | വളർച്ചാ നിരീക്ഷണം | 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ | |

# ശിശുവികസന പദ്ധതി ഓഫീസ്

### ഓഫീസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും

| ക്രമനമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | തുക/സേവനം | അർഹതാ മാനദണ്ഡം |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാരം | പഞ്ചായത്തിൽ നിന്നു ലഭിക്കുന്ന പ്ലാൻ ഫണ്ട് സെസൂൽ ഷെയർ എന്നിവ ഉപയോഗിക്കുന്നു. | 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ. കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർ താമസിക്കുന്ന ഏരിയായിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നത് |
| 2 | ആരോഗ്യപരിശോധന | | |
| 3 | അനൗപചാരിക പ്രീ സ്കൂൾ വിദ്യാഭ്യാസം | | |
| 4 | പ്രതിരോധ കുത്തിവയ്പ് | | |
| 5 | ആരോഗ്യപോഷണ വിദ്യാഭ്യാസം | | |
| 6 | റഫറൽ സർവ്വീസ് | | |
| 7 | വളർച്ചാ നിരീക്ഷണം | | |

### ഓഫീസ് ഘടന സംബന്ധിച്ച്

| | അനുവദിച്ചത് | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|
| ശിശുവികസന പദ്ധതി ഓഫീസർ | 1 | 1 | 0 |
| സൂപ്പർ വൈസർ | 5 | 3 | 2 |
| ക്ലാർക്ക് യുഡി | 1 | 1 | 0 |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 | 0 |

### ശിശു വികസന പദ്ധതി ഓഫീസ് അധീഷണൽ ഓഫീസ് ഘടന സംബന്ധിച്ച്

| | അനുവദിച്ചത് | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|
| ശിശുവികസന പദ്ധതി ഓഫീസർ | 1 | 1 | 0 |
| സൂപ്പർ വൈസർ | 5 | 5 | 0 |
| ക്ലാർക്ക് എൽ ഡി | 1 | 1 | 0 |
| എൽ ഡി ടൈപ്പിസ്റ്റ് | 1 | 1 | 0 |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 | 0 |

# കമ്യൂണിറ്റി ഹെൽത്ത് സെന്റർ - പഴഞ്ഞി

## ആശുപത്രിയിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

| ക്രമന മ്പർ | നിലവിൽലഭ്യമാകുന്ന സേവനങ്ങൾ |
|---|---|
| 1 | **ഒ. പി. വിഭാഗം** പൊതുവായ രോഗ പരിശോധനുയം ചികിത്സയും |
| 2. | **ഐപി വിഭാഗം** കിടക്കുന്ന രോഗികളുടെ ചികിത്സ |
| 3. | **പൊതുജനാരോഗ്യവിഭാഗം** - ഗർഭകാല സംരക്ഷണം, രജിസ്ട്രേഷൻ, പരിശോധന, ടിടി കുത്തിവെയ്പ്പുകൾ, ഉപദേശങ്ങൾ (തിങ്കൾ) |
| 4. | **വിളർച്ച നിയന്ത്രണം** (അനീമിയ) അയേൺ & ഫോളിക് ആസിഡ് വിതരണം |
| 5. | **ജനനി സുരക്ഷായോജന** - മാതൃത്വ ധനസഹായ പദ്ധതി |
| 6. | **ഗർഭനിരോധന മാർഗ്ഗങ്ങൾ** - ശാസ്ത്രീയമായ സ്ഥിരവും താത്ക്കാലികവുമായ മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും |
| 7. | **പ്രതിരോധകുത്തിവെയ്പ്പുകൾ** - ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ (ബുധനാഴ്ച) |
| 8. | **സ്ക്കൂൾ ആരോഗ്യപരിപാടി** - പ്രതിരോധ കുത്തിവെയ്പ്പുകൾ, സ്ക്രീനിംഗ്, കൗൺസലിംഗ് |
| 9. | **ആർ. ബി. എസ്. കെ. /ആരോഗ്യകിരണം** - 18 വയസ്സിനു താഴെ വരുന്ന കുട്ടികൾക്ക് സൗജന്യചികിത്സ (എല്ലാ ദിവസവും) |
| 10. | **അനുയാത്ര** - 18 വയസ്സിന് താഴെ വരുന്ന കുട്ടികൾക്ക് കൗൺസിലിംഗ്, ഫിസിയോതെറാപ്പി മറ്റു ചികിത്സാ മാർഗ്ഗങ്ങൾ |
| 11. | **കൗമാരാരോഗ്യ സൗഹൃദ ക്ലിനിക്ക്** - കൗമാരക്കാർക്ക് വേണ്ടി പ്രത്യേക കൗൺസലിംഗ് എല്ലാ മാസവും 4-ാമത്തെ വ്യാഴാഴ്ച 2 ഉ.ാ. ന് |
| 12. | **നേത്രരോഗ പരിചരണം** - തിങ്കൾ, ചൊവ്വ, വെള്ളി ദേശീയ അന്ധതാരോഗ നിവാരണപരിപാടി. തിമിരരോഗ നിയന്ത്രണവും ചികിത്സയും |
| 13. | **പകർച്ചവ്യാധി നിയന്ത്രണ പരിപാടി** - പ്രതിരോധ നടപടികളും മലമ്പനി, ക്ഷയരോഗം, ത്വക് രോഗം തുടങ്ങിയ രോഗനിർണയ ക്യാമ്പും പരിശോധനയും ചികിത്സയും |
| 14. | **ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി** - പ്രമേഹം, രക്തസമ്മർദ്ദം എന്നിവയുടെ സൗജന്യ പരിശോധന |
| 15. | **മാനസിക രോഗ ചികിത്സ** (ക്ലീനിക് എല്ലാ മാസവും ഒന്നാമത്തെ ശനിയാഴ്ച 10 മുതൽ 12.30 വരെ |
| 16. | **കൊതുകു നിയന്ത്രണം** (മാർഗ്ഗങ്ങളും ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഫോഗിംഗ്, സ്പ്രേയിംഗ് |
| 17. | **ക്ലോറിനേഷൻ** - കുടിവെള്ള സ്രോതസ്സുകൾ ശുദ്ധീകരിക്കൽ |
| 18. | **മറ്റു ദേശീയാരോഗ്യ പരിപാടികൾ നടപ്പിലാക്കൽ** |
| 19. | **ദേശീയ മന്തരോഗ നിർമ്മാർജ്ജന പരിപാടി** |
| 20. | **ദേശീയ കുഷ്ഠരോഗ നിയന്ത്രണ പരിപാടി** |
| 21. | **പോളിയോ നിർമ്മാർജ്ജന പരിപാടി** |
| 22. | **ക്ഷയരോഗ നിയന്ത്രണ പരിപാടി** |
| 23. | **വയറിളക്ക രോഗ ചികിത്സ** ഒആർഎസ് വിതരണം |
| 24. | **ആരോഗ്യ പ്രോജക്ടുകളുടെ നിർവ്വഹണം** (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട്) |
| 25. | **പൊതുജന പരാതികൾ** - പരാതികളിൽ അന്വേഷണവും നിയമ നടപടികളും |
| 26. | **പെയിൻ & പാലിയേറ്റീവ് വിഭാഗം** - സെക്കന്ററി പാലിയേറ്റീവ് പരിചരണം, ഹോംകെയർ പരിചരണം, ഫിസിയോതെറാപ്പിസ്റ്റ്, നേഴ്സ്, ഡോക്ടർ എന്നിവരുടെ ആവശ്യമായ സേവനം |
| 27. | **ആരോഗ്യപരിശോധന സർട്ടിഫിക്കറ്റ്** |
| 28. | **സാനിറ്ററി സർട്ടിഫിക്കറ്റ്** |
| 29. | **പൊതുജനാരോഗ്യ അവലോകന മീറ്റിംഗുകൾ** (എല്ലാ മാസവും) |

# ക്ഷീര വികസന ഓഫീസ്

സംസ്ഥാന സർക്കാർ - ക്ഷീര വികസന വകുപ്പ്; പ്രാഥമിക ക്ഷീര സംഘങ്ങൾ റജിസ്റ്റർ ചെയ്യുകയും ടി സംഘങ്ങളുടെ ഭരണ കാര്യങ്ങൾ പരിശോധിക്കുകയും ഇടപെടുകയും ചെയ്യുന്നു. പ്രാഥമിക ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഈ മേഖലയെ സംബന്ധിച്ച് ബോധവത്കരണം നടത്തുകയും സർക്കാരിന്റെ വിവിധ പദ്ധതികളായ തീറ്റപുൽകൃഷി, അസോള, മിൽക്ക് ഷെഡ് ഡെവലപ് മെന്റ് പദ്ധതി, ബ്ലോക്ക് ക്ഷീരസംഗമം, കർഷകർക്ക് ചർച്ച ക്ലാസ്സ്, കാലിത്തീറ്റ വിതരണം എന്നിവ നടപ്പിലാക്കുകയും ക്ഷീര കർഷകർക്ക് ലഭ്യമാകുകയും ചെയ്യുന്നു. കേരള ക്ഷീരകർഷക ക്ഷേമ നിധിയിൽ അംഗങ്ങളെ ചേർക്കുകയും ആനുകൂല്യങ്ങൾ ക്ഷീര കർഷകർക്ക് ലഭ്യമാകുകയും ചെയ്യുന്നു.

**ക്ഷീര വികസന ഓഫീസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും**

| ക്രമനമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | തുക/സേവനം | അപേക്ഷിക്കേണ്ട വിധം |
|---|---|---|---|
| 1 | തീറ്റപുൽകൃഷി, തരിശുഭൂമി പുൽകൃഷിയാക്കൽ ജലസേചന സഹായങ്ങൾ, ചോള കൃഷി | Rs.55/cent | കുടുംബശ്രീ പോർട്ടൽ വഴി ഏപ്രിൽ-മെയ് മാസങ്ങളിൽ ക്ഷീരവികസന ഓഫീസിലും ക്ഷീര സംഘങ്ങളിലും ഓൺ ലൈൻ ആയി അപേക്ഷിക്കുക. |
| 2 | മിൽക്ക് ഷെഡ് പദ്ധതി | ഒരു പശു, രണ്ടു പശു, 10 പശു യൂണിറ്റുകൾ, തൊഴുത്ത് നിർമ്മാണവും നവീകരണവും, കറവയന്ത്രം, ധാതു ലവണ മിശ്രിതപ്പൊടി ഡയറി ഫാമുകളുടെ ആധുനികവൽക്കരണം | ഏപ്രിൽ-മെയ് മാസങ്ങളിൽ ക്ഷീരവികസന ഓഫീസിലും ക്ഷീര സംഘങ്ങളിലും |
| 3 | ക്ഷീരസംഘങ്ങളുടെ ശാക്തികരണപദ്ധതി Missing link for automation | FSSA, Need base Assistance പദ്ധതികൾ, സബ്സിഡി നിരക്കിൽ വയ്ക്കോൾ വിതരണം പച്ചപുല്ല് സൈലേജ് | ക്ഷീര സഹകരണസംഘങ്ങൾക്ക് മാത്രം |
| 4 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | ഒരു ലിറ്ററിന് 3 രൂപ നിരക്കിൽ | പഞ്ചായത്ത് ഗ്രാമസഭകൾ വഴി |

**ഓഫീസ് ഘടന സംബന്ധിച്ച്**

| | അനുവദിച്ചത് | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|
| ക്ഷീരവികസന ഓഫീസർ | 1 | 1 | 0 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 1 |
| ക്ലാർക്ക് | 1 | special duty at dd office | |

# സേവനാവകാശ നിയമം 2012

## ലഭ്യമാകുന്ന സേവനങ്ങൾ

| ക്രമനമ്പർ | സേവനങ്ങളുടെ വിവരം | നിശ്ചിത സമയ പരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | പി.എം.എ.വൈ. ഭവന നിർമാണം | എസ്.ഇ.സി. സി. ആവാസ് പ്ലസ്സ് ലിസ്റ്റിൽ നിന്നും സർക്കാർ അനുവദിക്കുന്ന നിശ്ചിത ഭൗതിക ലക്ഷ്യം അനുസരിച്ച് | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭഗം |
| 2 | പി.എം.എ.വൈ. ഭവന നിർമാണത്തിനുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് | സ്റ്റേജ് പൂർത്തിയാക്കി അപേക്ഷ സമർപ്പിച്ച് ഏഴ് ദിവസത്തിനകം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ |
| 3 | പി.എം.എ.വൈ. ഭവനനിർമാണത്തിനുള്ള ഗഡുക്കളുടെ വിതരണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭഗം |
| 4 | ബി.പി.എൽ സർട്ടിഫിക്കറ്റ് ( മറ്റു വകുപ്പുകളിൽ നിന്ന് ഭവന നിർമ്മാണത്തിന് ആനുകൂല്യം കിട്ടാനുള്ള എൻ.ഒ. സി ലഭിക്കുന്നതിന്, ചികിത്സ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് | ബി.പി.എൽ സർട്ടിഫിക്കറ്റ് ഏത് ആവശ്യത്തിനാണെന്ന് വ്യക്തമാക്കുന്ന വെള്ള കടലാസിലുള്ള അപേക്ഷ, ബന്ധപ്പെട്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശ സഹിതം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ലഭിച്ചതിനു ശേഷം 1 ദിവസത്തിനകം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭഗം |

# ഉപസംഹാരം

ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിൽ കാലാതീതമായ പ്രസക്തി അവകാശപ്പെടാവുന്ന ഒന്നാണ് "വിവരാവകാശ നിയമം 2005." അറിയുവാനുള്ള അവകാശം എന്നത് ജനാധിപത്യ സംവിധാനത്തിന്റെ മുഖ്യ ഘടകമാണ്. കൃത്യവും, സുതാര്യവും, വസ്തുനിഷ്ഠവുമായ വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ജനങ്ങൾക്ക് വിമർശനാത്മകമായി കാര്യങ്ങളെ കാണുന്നതിനും വിലയിരുത്തുന്നതിനും അവ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതിനും സാധിക്കുകയുള്ളൂ. ഇതിലൂടെ സുതാര്യവും അഴിമതി രഹിതവും വിശ്വസ്ഥവുമായി ഭരണം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു.

ഇതിന്റെ ഭാഗമായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 272 എ. വകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും പൗരന്മാർക്ക് ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ചും ലഭ്യമാക്കുന്ന രീതിയെക്കുറിച്ചും ഒരു രൂപരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ച പൗരാവകാശരേഖ ഇപ്പോൾ കൂടുതൽ ഭേദഗതികളോടെ പുതുക്കി ബ്ലോക്ക് പഞ്ചായത്ത് പൗരാവകാശരേഖ 2025 പ്രസിദ്ധീകരിക്കുന്നു. ഈ പൗരാവകാശരേഖ പൊതുജനങ്ങൾക്ക് വളരെ ഗുണകരവും പ്രയോജനകരവും ആകട്ടെ എന്ന് പ്രതീക്ഷിക്കുന്നു.

**അഭിലാഷ് എം.ആർ.**
സെക്രട്ടറി
ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്